NERVEEDHI

Volume - 15, Issue - 05, 10th May 2026, Monthly, Published at Kottayam

വാല്യം - 15, ലക്കം - 05, 10 മെയ് 2026 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഇരുളിൽ വഴികാട്ടും വിളക്കുമാടങ്ങൾ

പേജ് 11

Editorial

# അസാധ്യങ്ങളെ സുസാധ്യമാക്കുന്ന സർവ്വശക്തൻ

കളങ്കമില്ലാത്ത നിർവ്യാജ സ്നേഹവും പരസ്പര സഹകരണവും എന്തും ക്ഷമിക്കുവാനുള്ള സന്നദ്ധതയും ഊഷ്മളമായ ഇടപെടലുകളും നിലനിൽക്കുന്ന ഒരു ലോകം എന്നത് കേവലം സങ്കല്പമോ അതോ യാഥാർഥ്യമോ? ലോകം അങ്ങനെ ആയിരുന്നു എങ്കിൽ മനുഷ്യർ തമ്മിൽ എത്ര ഉറ്റ സഖിത്വമായിരുന്നേനേ! ആർക്കും ആരോടും പകയോ വിദ്വേഷമോ അസൂയയോ ഈർഷ്യയോ സ്പർദ്ധയോ ഒന്നുമില്ലാത്ത ലോകത്തിലെ സുന്ദരജീവിതം എത്ര അത്യുത്തമമാകുമായിരുന്നു! അങ്ങനെയൊരു ലോകത്ത് ലഹളയോ മോഷണമോ കൊലപാതകമോ വ്യഭിചാരമോ യാതൊരുവിധ പാപചിന്തകളോ പാപപ്രവൃത്തികളോ ഉണ്ടാകുമായിരുന്നില്ലല്ലോ! അങ്ങനെയെങ്കിൽ പോലീസ് സ്റ്റേഷനോ കോടതിയോ സാമാന്യജനത്തിനാവശ്യവുമില്ല. അതുപോലെതന്നെ രാജ്യങ്ങൾ തമ്മിൽ അതിർത്തി തർക്കമോ, ചേരിചേരലോ ഒന്നാമതാകണമെന്ന അത്യാഗ്രഹമോ ഇല്ലാത്തതിനാൽ യുദ്ധമോ സൈന്യമോ ആയുധനിർമ്മിതിയോ ആവശ്യമില്ല. ഇത്തരം 'അനാവശ്യകാര്യങ്ങൾക്കു' ചിലവഴിക്കേണ്ടിവരുന്ന 'എത്ര വലിയ ഒരു തുകയായിരിക്കും' പൊതു ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും ക്ഷേമത്തിനായി പ്രയോജനപ്പെടുത്തുവാൻ കഴിയുമായിരുന്നത്. ഇതൊരു 'ഭ്രാന്തൻ ചിന്ത' എന്ന് മിക്ക വായനക്കാർക്കും തോന്നിയേക്കാം. എന്നിരുന്നാലും മേലുദ്ധരിച്ച പ്രകാരമുള്ള സമാധാനജീവിതം സമാഗമമാകുമെന്നുള്ളത് ഒരു യാഥാർഥ്യമാണ്. യേശുകർത്താവു രാജാധിരാജാവായി ആയിരം വർഷങ്ങൾ ഭൂമിയിൽ വാഴുമെന്നത് തിരുവെഴുത്തു നൽകുന്ന ഉറപ്പാണ്.

ഈ സമാധാനരാജ്യത്തിലേക്ക് പ്രവേശിക്കണം എങ്കിൽ ഇന്ന് നാമായിരിക്കുന്ന, വഷളത്തം കൊടുങ്കാറ്റു പോലെ ആഞ്ഞടിക്കുന്ന, സകല ദുഷ്ടതകളുടെയും കേളീരംഗമായിരിക്കുന്ന, പൈശാചിക ലോകത്തുനിന്ന് ക്രിസ്തുയേശുവിലൂടെ വീണ്ടെടുപ്പ് പ്രാപിച്ച് വിശുദ്ധീകരിക്കപ്പെട്ട് ഒരുങ്ങേണ്ടത് എങ്ങനെയെന്ന് പ്രതിപാദിക്കുന്നു ഈ ലക്കത്തിലെ സന്ദേശം. അസാധ്യങ്ങളെ സുസാധ്യമാക്കുന്ന സർവ്വശക്തനിലൂടെ സമ്പൂർണ്ണ രൂപാന്തരം പ്രാപിച്ച് നിത്യതയ്ക്കായി ഒരുങ്ങുവാൻ സന്ദേശത്തോടൊപ്പം മറ്റിതര ലേഖനങ്ങളും നമ്മെ ഓർമ്മിപ്പിച്ചുണർത്തുന്നു.

എല്ലാ ലേഖനങ്ങളും മനസ്സിരുത്തി ആവർത്തിച്ച് വായിച്ച് 'വിശുദ്ധർ തങ്ങളെത്തന്നെ തുടർന്നും വിശുദ്ധീകരിക്കുവാനും, നീതിമാന്മാർ തുടർന്നും വിശ്വാസത്തിന്റെ നീതിപ്രവൃത്തികൾ ചെയ്യുവാനും' ദൈവം ഇടയാക്കട്ടെ. ഇതിനായി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

പുസ്തകം 15 ലക്കം 5
മെയ് 2026

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലിഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam, Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos

**യുദ്ധങ്ങളും യുദ്ധശ്രുതികളും** 4
ജോയ് എം. തോമസ്

**വിശുദ്ധിയും അശുദ്ധിയും കൂട്ടിക്കലർത്തരുത്** 7
സാജു മാത്യു

**ദൈവത്തിനു പ്രസാദം നുറുക്കപ്പെട്ട ഹൃദയം** 9
ചെയ്സ് ജോസഫ്

**ഇരുളിൽ വഴികാട്ടും വിളക്കുമാടങ്ങൾ** 11
ബെഞ്ചമിൻ വർഗീസ്

**ക്രിസ്തുവല്ലാതെ മറ്റൊരു വഴിയില്ല** 13
ഡേവിഡ് വിൽക്കേഴ്സൺ

**ക്രിസ്തുവിന്റെ നാളിൽ പുകഴ്ച ലഭിക്കുവാൻ** 15
പി.വി. വർഗീസ്

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**കണ്ടതും കേട്ടതും തൊട്ടതും** 19
സുജ വിനു

**ജീവനിലേക്കുള്ള മാനസാന്തരം** 22
ചാൾസ് സ്പർജൻ

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 29

**സമാപ്തിക്കുറിപ്പ്** 31
എംസി

സന്ദേശം



ജോയ് എം തോമസ്

# യുദ്ധങ്ങളും യുദ്ധശ്രുതികളും

**മു**മ്പോട്ടുള്ള ദിനങ്ങൾ കൂടുതൽ ഇരുൾ നിറഞ്ഞതാണോ? യുദ്ധങ്ങളും യുദ്ധശ്രുതികളും വലിയ വെല്ലുവിളികളായി മാറിയിരിക്കുന്നുവോ? ഇന്ധനക്ഷാമവും, അവശ്യസാധനങ്ങളുടെ വിലവർദ്ധനവും, യാത്രാതടസ്സങ്ങളും, ജോലി നഷ്ടപ്പെടുമെന്ന ആശങ്കകളും, തൊഴിലില്ലായ്മാവർദ്ധനവുമെല്ലാം, സമസ്ത മേഖലകളിലും മനുഷ്യജീവിതം കൂടുതൽ ദുഷ്കരമാക്കുന്നു. ഈ വെല്ലുവിളികളുടെ മുമ്പിൽ പകച്ചു നിൽക്കാനേ പലർക്കും കഴിയുന്നുള്ളൂ.

പാപം ചെയ്ത അതായത്, ദൈവത്തിന്റെ വഴിയിൽ നിന്നും സ്വന്തവഴിയിലേക്ക് തിരിഞ്ഞ മനുഷ്യൻ, സ്വസ്നേഹിയും അഹങ്കാരിയും ക്രൂരനുമായി അധഃപ്പതിച്ചുകൊണ്ടിരിക്കുന്നു. ആദമിന്റെയും ഹവ്വയുടെയും മക്കളിൽ ഒരുവനായ കയീൻ അവന്റെ സഹോദരനായ ഹാബേലിനോട് അസൂയപ്പെട്ട്, വഴക്കിട്ട് അടിച്ചുകൊന്നു. അന്നുമുതൽ അസൂയയും അഹങ്കാരവും കോപവും ക്രോധവും പ്രതികാരവും എല്ലാം മനുഷ്യനെ ക്രൂരനാക്കിക്കൊണ്ടിരിക്കുന്നു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മാർഗ്ഗത്തിൽ നിന്നും അകന്ന് വിനാശമാർഗ്ഗത്തിൽ മത്സരിച്ചോടുന്നവരായ മനുഷ്യർ മാനം കെട്ടവരായിത്തീർന്നിരിക്കുന്നു. തങ്ങളുടെ സ്രഷ്ടാവും ഉടയവനുമായ ദൈവത്തിങ്കലേക്ക് അനുതാപത്തോടെ മടങ്ങി വരികയല്ലാതെ രക്ഷയ്ക്ക് മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ല.

വികസനം വിനാശത്തിന് വിത്തായിത്തീരുന്ന വിരോധാഭാസമാണ് നാമിന്ന് കാണുന്നത്. എത്രയധികം അദ്ധ്വാനവും ധനവും ആണ് ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിനായി ഓരോ രാജ്യവും ചിലവിടുന്നത്. മനുഷ്യന്റെ സ്വസ്ഥതയ്ക്കും ആശ്വാസത്തിനും അഭിവൃദ്ധിക്കും അല്ല, മറിച്ച് വിദ്വേഷത്തിനും അസൂയയ്ക്കും അഹങ്കാരത്തിനും മത്സരിച്ചുള്ള ഉപദ്രവങ്ങൾക്കും കയ്യേറ്റത്തിനുമാണ് കാരണമാകുന്നതെങ്കിൽ നാം എത്ര ഭോഷന്മാർ എന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യന് മനംമാറ്റം ഉണ്ടാകാതെ മനസ്സുകളിൽ സമാധാനം ഉണ്ടാകുമോ?

എത്ര ശതകോടികളാണ് യുദ്ധത്തിനായി ചെലവിട്ടുകൊണ്ടിരിക്കുന്നത്? മനുഷ്യൻ തന്നെ മനുഷ്യന്റെ ശത്രുക്കളായി ഭാഷയുടെയും സംസ്കാരത്തിന്റെയും മതത്തിന്റെയും ജാതിയുടെയും അതിരിന്റെയും പേരിൽ പോരാടി നശിക്കുന്നു. കുബുദ്ധി നിറഞ്ഞിരിക്കുന്നതിനാൽ സുബോധത്തോടെയും വിവേകത്തോടെയും ചിന്തിക്കുവാൻ അവനു

കഴിയാതെ വരുന്നു. ഒരുവൻ പണിയുന്നു മറ്റൊരുവൻ ഇടിക്കുന്നു. ഇതുതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ് മനുഷ്യചരിത്രം. പാപിയായിത്തീർന്ന മനുഷ്യന് ഇതൊക്കെയേ സാധിക്കുകയുള്ളൂ. പാപത്തിൽ നിന്നും രക്ഷ പ്രാപിച്ചാൽ മാത്രമേ മനുഷ്യന് അവൻ ആഗ്രഹിക്കുന്ന സുന്ദരലോകം പണിതെടുക്കുവാൻ കഴിയുകയുള്ളൂ.

മനുഷ്യനു പാപത്തിൽ നിന്നും സ്വയം രക്ഷ നേടുവാൻ കഴിയുമായിരുന്നു എങ്കിൽ, എന്നേ അവൻ രക്ഷപ്പെടുമായിരുന്നു. അവനത് സാധ്യമല്ല എന്നു മനസ്സിലാക്കി അംഗീകരിക്കുന്നവർ ബുദ്ധിയുള്ളവരാണ്. അവർ രക്ഷ പ്രാപിക്കുവാൻ ഒരുക്കമുള്ളവരാവുകയാണ്. ദൈവം മനുഷ്യനു ഒരുക്കിയിരിക്കുന്ന രക്ഷാമാർഗ്ഗം കണ്ടെത്തുവാൻ അവർക്ക് ഇടയാകും. പാപത്തിൽ നിന്നും രക്ഷ പ്രാപിക്കുക എന്നതാണ് മനുഷ്യന് ഏറ്റവും അത്യാവശ്യം ആയിരിക്കുന്നത്. പാപത്തിൽ നിന്നും രക്ഷ പ്രാപിക്കാതെയുള്ള അവന്റെ നേട്ടങ്ങൾ നഷ്ടങ്ങളായും, പുരോഗമനം അധഃപ്പതനമായും മാറുകയാണ്. ചോർച്ചയുള്ള പാത്രത്തിൽ വെള്ളം നിറയ്ക്കുന്നതുപോലെയും, ഓട്ടസഞ്ചിയിൽ പണം ഇടുന്നതുപോലെയുമുള്ള വൃഥാ അധ്വാനം!

ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാമാർഗ്ഗം യേശുക്രിസ്തുവാണ്. 'മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (അപ്പോസ്തല പ്രവൃത്തികൾ 4 :12). മനുഷ്യന്റെ പാപത്തിന് പ്രായശ്ചിത്തം ചെയ്ത് അവനു പാപമോചനം നൽകേണ്ടതിനു സ്വയം തയ്യാറായി ഈ ലോകത്തിലേക്ക് മനുഷ്യനായി വന്നവനാണ് യേശുക്രിസ്തു. യേശുക്രിസ്തു മുഴുമനുഷ്യവർഗ്ഗത്തിനുമായി, അവരുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി, അവർക്കായി മരിച്ചു. മൂന്നാം ദിവസം മരണത്തെയും പാതാളത്തെയും ജയിച്ച്, അവിടുന്ന് ഉയിർത്തെഴുന്നേറ്റു. അവിടുന്ന് മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും ഏകരക്ഷകനാണ്. ഈ സത്യം ഗ്രഹിക്കുന്നവർ അനുഗ്രഹീതരാണ്. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ സ്വീകരിക്കുന്നതാണ് യഥാർത്ഥ നേട്ടം!

ദൈവസ്നേഹത്തിന്റെ പൂർണ്ണ വെളിപ്പാടാണ് യേശുക്രിസ്തുവിൽ നമുക്ക് കാണുവാൻ കഴിയുന്നത്. ദൈവത്തോട് മത്സരികളും, ശത്രുക്കളുമായി, നരകയോഗ്യരായിത്തീർന്ന നമ്മോടുള്ള, അതായത്, മനുഷ്യവർഗ്ഗത്തോടുമുള്ള അളവുകളില്ലാത്ത തുറന്ന സ്നേഹമാണ് യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. എല്ലാ ശത്രുതകളെയും വിദ്വേഷത്തെയും വെറുപ്പിനെയും ജയിക്കുന്ന നിർമ്മലമായ ദൈവസ്നേഹമാണ് ക്രിസ്തുവിന്റെ ക്രൂശിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. 'പിതാവേ ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ' എന്നുള്ള പ്രാർത്ഥന സ്നേഹത്തിൽ നിന്നും ഉളവാകുന്ന ക്ഷമയുടെ വലിപ്പം നമുക്ക് കാണിച്ചുതരുന്നു.

യേശുക്രിസ്തുവിൽക്കൂടി പാപക്ഷമ പ്രാപിക്കുന്നവർക്ക് അവരുടെ ഉള്ളിലേക്ക് ഒഴുകിയെത്തുന്ന ദൈവസ്നേഹത്തെ ആസ്വദിക്കുവാൻ കഴിയും. ദൈവസ്നേഹം ഉള്ളിൽ നിറയുമ്പോൾ ഹൃദയം നിർമ്മലമാകും. ഹൃദയത്തിൽ കൊടികുത്തി വാഴുന്ന അഹങ്കാരം, വിദ്വേഷം, കൈപ്പ്, പ്രതികാരം തുടങ്ങി മനുഷ്യനെ ക്രൂരനാക്കുന്ന തിന്മകൾ ഓരോന്നോരോന്നായി നിർമ്മൂലമാകും. ദൈവസ്നേഹത്തിന്റെ നിറവിൽ ഹൃദയം ആർദ്രതയും കരുണയും മനസ്സലിവും ശാന്തതയും സൗമ്യതയും ക്ഷമയും ഉള്ളതായി രൂപാന്തരപ്പെടും. അതെ, ഒരു പുതിയ ഹൃദയമാണ് അപ്പോൾ ലഭിക്കുന്നത്. ഇതാണ് യഥാർത്ഥ മാനസാന്തരത്തിലൂടെ ലഭിക്കുന്ന വീണ്ടുംജനനാനുഭവം.

ലോകസമാധാനം നാമെല്ലാവരും ആഗ്രഹിക്കുന്നു. പക്ഷേ, അത് വളരെ ദൂരത്താണ്. പാപിയായ മനുഷ്യന്റെ പാപപ്രകൃതി സമാധാനത്തിന് എതിരായി വർത്തിക്കുന്നു. അഹങ്കാരവും സ്വാർത്ഥതയും നിറഞ്ഞ പ്രവൃത്തികൾ സമാധാനത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. യുദ്ധങ്ങൾ വിതയ്ക്കുന്ന വിനാശങ്ങൾ നിത്യസംഭവമായി മാറിയിരിക്കുന്നു. ഒടുവിൽ മത്സരിച്ചുണ്ടാക്കുന്ന ആണവായുധങ്ങൾ ഈ ലോകത്തിന് അവസാനം കുറിക്കുവാൻ ഇടയായി എന്നുവരാം. 'മൂല പദാർത്ഥങ്ങൾ കത്തിയഴിയുകയും, ഭൂമിയും അതിലുള്ള പണികളും വെന്തുപോവുകയും ചെയ്യും' (2 പത്രോസ് 3:10) എന്ന ബൈബിൾ പ്രവചനം ഒരുപക്ഷേ മനുഷ്യനിർമ്മിത ദുരന്തമായിത്തന്നെ നിറവേറി എന്ന് വരാം.

എന്നാൽ ഈ അനിശ്ചിതത്വത്തിന്റെയും അരക്ഷിത സാഹചര്യങ്ങളുടെയും മദ്ധ്യേ ഒരു സന്തോഷവാർത്ത ഉണ്ട്. മുഴുവൻ ഇരുളിനെയും

തുടച്ചു മാറ്റുന്ന പ്രകാശത്തിന്റെ ഉദയം... യേശുക്രിസ്തുവിന്റെ മടങ്ങിവരവ്! മുഴുമനുഷ്യവർഗ്ഗത്തിന്റെയും പാപപരിഹാര ബലിയായിത്തീർന്ന്, മരണത്തെ ജയിച്ച്, ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗാരോഹണം ചെയ്ത യേശുകർത്താവ് ഇതാ മടങ്ങി വരുന്നു... തന്റെ വരവനായി പാപം കൂടാതെ ഒരുങ്ങി കാത്തിരിക്കുന്നവർക്കായി യേശുകർത്താവ് വേഗം വരുന്നു!

'നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതുതന്നെ; എന്നാൽ അത് അവസാനമല്ല, ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും' (മത്തായി 24 :6,7). യേശു മടങ്ങിവരുന്നത് ഈ ലോകവ്യവസ്ഥിതിക്ക് മാറ്റം വരുത്തുവാനും നാം കൊതിക്കുന്ന സമാധാനപൂർണ്ണമായ, കുറവുകൾ ഇല്ലാത്ത, സമൃദ്ധിയുടെയും സന്തോഷത്തിന്റെയും രാജ്യം സ്ഥാപിക്കുവാനും ആണ്. എല്ലാവർക്കും തുല്യനീതി ലഭിക്കുന്ന സമത്വസുന്ദരമായ രാജ്യം. സുസ്ഥിരമായ രാജ്യം സ്ഥാപിക്കാൻ രാജാധിരാജാവായ ക്രിസ്തു മടങ്ങി വരുന്നു എന്നതിന്റെ ഉത്ഘോഷമാണ് ഇന്ന് നാം കാണുന്ന അസ്ഥിരതയും അസ്വസ്ഥതകളും എല്ലാം.

ഇനിയുള്ള കാലം അധർമ്മികൾ തുടർന്നും അധർമ്മികളായും അശുദ്ധർ തുടർന്നും അശുദ്ധരായും തുടരട്ടെ. നീതിമാന്മാർ അധികം നീതിപ്രവൃത്തികൾ ചെയ്യട്ടെ. വിശുദ്ധർ ഇനിയും തങ്ങളെത്തന്നെ വിശുദ്ധീകരിക്കട്ടെ (വെളിപ്പാട് 22;11). പക്ഷേ, കർത്താവിൽ വിശ്വസിക്കുന്നവർ അധർമ്മത്തിന്റെയും അനീതിയുടെയും ഒഴുക്കിൽപ്പെട്ടു പോകരുതെന്നും ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു. വിശുദ്ധൻ തന്നെത്തന്നെ വിശുദ്ധികരിക്കണമെന്നും നീതി പ്രവർത്തിക്കുന്നവൻ നീതി പ്രവർത്തിക്കുന്നവനായി നിലനിൽക്കണമെന്നും ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായി നൽകാനുള്ള പ്രതിഫലവുമായി കർത്താവു വേഗം വരുമെന്നും പ്രഖ്യാപിക്കുന്നു. •

## ആ സന്ദർഭം എത്ര അമൂല്യം

ശൈശവത്തിൽത്തന്നെ അന്ധനായിത്തീർന്ന വില്യം ഡൈക്ക്, സുന്ദരിയായ ഒരു യുവതിയുമായി പ്രേമബന്ധത്തിലായി. അത്യാധുനിക ശസ്ത്രക്രിയയിലൂടെ കാഴ്ച മടക്കി ലഭിക്കുമെന്ന് വിദഗ്ധ ഡോക്ടർമാർ അഭിപ്രായപ്പെട്ടതനുസരിച്ച് അവരുടെ വിവാഹദിവസം നിശ്ചയിച്ചു. ശസ്തക്രിയയ്ക്കു ശേഷം വിവാഹദിനം വരെ കണ്ണു മൂടിക്കെട്ടി വെയ്ക്കേണ്ടിയിരുന്നതിനാൽ വിവാഹ ശുശ്രൂഷയുടെ മദ്ധ്യത്തിൽ കെട്ടുകളഴിച്ചാൽ മതിയെന്ന് വധൂവരന്മാർ തീരുമാനിച്ചു. വിവാഹദിനം വില്യം ഡൈക്ക് ചഞ്ചലചിത്തനായാണ് ശുശ്രൂഷയ്ക്കായി വന്നു തന്റെ സ്ഥാനത്തിരുന്നത്. വധുവും പിതാവിന്റെ കരം പിടിച്ച് തന്റെ സ്ഥാനത്തു വന്നിരുന്നു. കണ്ണുകളുടെ കെട്ടഴിച്ചു മാറ്റേണ്ടുന്ന നിർണ്ണായക നിമിഷം സമാഗതമായി. അവന്റെ കണ്ണുകൾ പൂർണ്ണമായും ഭേദമായിരുന്നതിനാൽ ആദ്യം താൻ കണ്ടത് തന്റെ പ്രിയതമയുടെ മുഖമായിരുന്നു. തമ്മിലിടഞ്ഞു അവരുടെ കണ്ണുകൾ. സന്തോഷാതിരേകത്താൽ അവർ ആർത്തുവിളിച്ചു, 'ദൈവം അത്ഭുതകരമായി ഇതും ഒരു യാഥാർഥ്യമാക്കിയല്ലോ'.

സ്വന്തരക്തം ചിന്തി സ്വജീവൻ നൽകി, നമ്മെ സ്നേഹിച്ച കർത്താവിനോടു ചേരുവാൻ അഭിവാഞ്ചയുള്ള കാന്ത തന്റെ പ്രിയതമന്റെ മുഖം കാണുവാൻ കാത്തുകാത്തിരുന്ന അമൂല്യ നിമിഷം. അന്ന് കാന്തയുടെ കണ്ണുകൾ ആയിരിക്കും തുറക്കപ്പെടുന്നത്. വിശ്വാസക്കണ്ണുകളാൽ കാന്തനെ ദർശിച്ച കാന്ത, ക്രിസ്തുവിനോടുള്ള ഏകാഗ്രതയിലും നിർമ്മലതയിലും തന്റെ ജീവിതത്തെ സൂക്ഷിച്ച മണവാട്ടി, അന്ന് ആത്മക്കണ്ണുകളാൽ മുഖാമുഖം കാണുന്ന അവർണ്ണനീയ നിമിഷം സമാഗതമായി. ആ സന്ദർഭം എത്ര അമൂല്യം!



സാജു മാത്യു

# വിശുദ്ധിയും അശുദ്ധിയും കൂട്ടിക്കലർത്തരുത്

***'ഇപ്പോഴോ സെരുബ്ബാബേലേ, ധൈര്യപ്പെടുക എന്ന് യഹോവയുടെ അരുളപ്പാട്. മഹാപുരോഹിതനായി യഹോസാദാക്കിന്റെ മകനായ യോശുവയേ ധൈര്യപ്പെടുക! ദേശത്തിലെ സകലജനവുമായുള്ളോരേ, ധൈര്യപ്പെട്ടു വേലചെയ്യുവിൻ എന്ന് യഹോവയുടെ അരുളപ്പാട്... ഞാൻ നിങ്ങളോടു കൂടെ ഉണ്ടല്ലോ...'(ഹഗ്ഗായി 2: 4).***

ഒരു തേൻകൂട് മീൻവെള്ളത്തിൽ ഇറക്കിവെച്ചാൽ ആ മീൻവെള്ളം ശുദ്ധമായിത്തീരുമോ? ഒരിക്കലുമില്ലെന്നു നിങ്ങൾ പറയും. തിരിച്ച്, ഒരു തേൻപെട്ടിയിൽ മീൻവെള്ളം ഒഴിച്ചാലോ? ആ തേൻ അശുദ്ധമായിത്തീരുന്നുവെന്നും നിങ്ങൾ പറയും. ഒരു അശുദ്ധവസ്തുവിനെ വിശുദ്ധമാക്കുക അത്ര എളുപ്പമല്ല. എന്നാൽ ഒരു വിശുദ്ധവസ്തുവിനെ അശുദ്ധമാക്കുവാൻ വലിയ പരിശ്രമമൊന്നും ആവശ്യമില്ല. വിശുദ്ധിയിൽ ജീവിക്കുന്നവർക്കും വിശുദ്ധിയിൽ തുടരാനാഗ്രഹിക്കുന്നവർക്കുമുള്ള ഒരു മുന്നറിയിപ്പാണിത്. ഈ മുന്നറിയിപ്പ് നമ്മുടെ വേദഭാഗത്ത് ഹഗ്ഗായിപ്രവാചകൻ നടത്തുന്നുണ്ട്. "ഒരുത്തൻ തന്റെ വസ്ത്രത്തിന്റെ കോന്തലയ്ക്കൽ വിശുദ്ധമാംസം വഹിച്ച് ആ കോന്തലകൊണ്ട്... ഏതെങ്കിലും (സാധാരണ) ഭക്ഷണസാധനത്തെ തൊട്ടാൽ അതു വിശുദ്ധമാകുമോ?" "ഇല്ല" എന്നു പുരോഹിതന്മാർ ഉത്തരം പറഞ്ഞു (ഹഗ്ഗായി 2: 12,13).

ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു (സഭാപ്രസംഗി 10:1). ഈ പ്രക്രിയയിൽ ഈച്ചയ്ക്ക് ഒന്നും നഷ്ടപ്പെടാനില്ലെന്നോർക്കണം. നഷ്ടം തൈലത്തിനാണ് - ഈച്ചയ്ക്കല്ല... വേദപുസ്തകത്തിൽ മുന്നറിയിപ്പിന്റെ വചനങ്ങൾ ധാരാളമുണ്ട്: ആശ്വാസത്തിന്റെ വചനങ്ങളുമുണ്ട്. ആശ്വാസത്തിന്റെ വചനങ്ങളാണു കൂടുതൽ. എന്നാൽ എത്ര ആശ്വാസവചനങ്ങൾക്കിടയിലും ചില മുന്നറിയിപ്പുകൾ കൊടുക്കാൻ വചനം മറക്കാറില്ല... നമ്മുടെ വേദഭാഗത്തും (ഹഗ്ഗായി 2: 1-23) ആശ്വാസവചനങ്ങളാണു കൂടുതൽ. ബാബേൽ പ്രവാസത്തിൽ നിന്ന് യെരുശലേമിൽ മടങ്ങിയെത്തി ദൈവാലയത്തിന്റെ പണിയിൽ ഏർപ്പെട്ടിരിക്കുന്ന യെഹൂദജനതയോടാണ് ഹഗ്ഗായി, പ്രവചനം നടത്തുന്നത്. ഈ പ്രവചനം നടത്തുന്നതിന് 16 വർഷം മുമ്പ് യെരുശലേം ദൈവാലയത്തിനു അടിസ്ഥാനമിട്ടിരുന്നു (എസ്രാ 3:12). എന്നാൽ ന്യായമായ പല കാരണങ്ങളാൽ ദൈവാലയപ്പണി മുടങ്ങിപ്പോയി (എസ്രാ 4:1-24).

ദൈവാലയപ്പണി മുടങ്ങിയതിന്റെ ദുഃഖം യെരുശലേമിലെ പ്രവാസാനന്തര യെഹൂദരിൽ അധികകാലം നിലനിന്നില്ല. അവർ താന്താന്റെ ഭവനങ്ങൾ പണിയുന്നതിൽ ശ്രദ്ധാലുക്കളായി. ഇതിനെതിരെ ഹഗ്ഗായി തന്റെ ഒന്നാം അധ്യായത്തിൽ ആഞ്ഞടിക്കുകയാണ്. "ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർക്കാൻ കാലമായോ?" (ഹഗ്ഗായി 1: 4). ജനം ഹഗ്ഗായിയിലൂടെയുള്ള ദൈവാലോചന ഏറ്റെടുക്കുകയും രാജകുമാരനായിരുന്ന സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ ആലയംപണി പുനരാരംഭിക്കുകയും ചെയ്തു (ഹഗ്ഗായി 1:12).

ആലയംപണി പുനരാരംഭിച്ചത് എല്ലാവർക്കും സന്തോഷമായി എന്നു ചിന്തിക്കേണ്ട. ദൈവാലയപ്പണി പുനരാരംഭിച്ച രാജകുമാരനായ സെരുബ്ബാബേൽ യെഹൂദാദേശാധിപതിയുമായിരുന്നു (ഹഗ്ഗായി 1:14). എന്നാൽ, നദിക്കക്കരെയുള്ള ദേശാധിപതിമാർക്ക് ഇത് കണ്ണിൽക്കടിയായി (എസ്രാ 5:3). അത് അങ്ങനെയാണ്. ദൈവത്തെ അനുസരിക്കാൻ തയ്യാറായി ഇറങ്ങുന്ന ആർക്കും എതിരാളികളുണ്ടാകും. ഇവിടെയാണ് അനുസരിക്കുന്നവർക്ക് പ്രോത്സാഹനത്തിന്റെ വാക്കുകളും, അനുസരിക്കാത്തവർക്ക് മുന്നറിയിപ്പും ആവശ്യമായി വരുന്നത്.

ചിലപ്പോഴൊക്കെ ന്യായവിധിയുടെ വാക്കുകളും അനിവാര്യമായി വരുന്നത് നമുക്കു തിരിച്ചറിയാനാകും.

നമ്മുടെ വേദഭാഗത്ത് ആദ്യം കാണുന്നത് ശരിക്കും പറഞ്ഞാൽ നിരാശപ്പെടുത്തുന്ന വാക്യങ്ങളാണ്. സെരുബ്ബാബേൽ ഇപ്പോൾ പണിയുന്ന ദൈവാലയം പഴയതുമായി തട്ടിച്ചുനോക്കിയാൽ 'മഹത്വ'ത്തിന്റെ കാര്യത്തിൽ ഏതുമില്ലാത്തതാണെന്നാണ് ആദ്യത്തെ പ്രസ്താവന (ഹഗ്ഗായി 2: 3). എന്നാൽ തുടർന്നുവരുന്നത് പ്രോത്സാഹനത്തിന്റെ വാക്കുകളാണ്.

നാം യാഥാർഥ്യബോധമുള്ളവരായിരിക്കണം എന്ന് ഈ വേദഭാഗം നമ്മെ ഓർപ്പിക്കുന്നു. സെരുബ്ബാബേൽ പണിയുന്ന ആലയം ശലോമോൻ പണിത ആലയവുമായി താരതമ്യം ചെയ്താൽ നിസ്സാരമാണെന്നത് ഒരു യാഥാർഥ്യമാണ്. നമ്മുടെ പ്രവൃത്തികളും നേട്ടങ്ങളുമൊക്കെ ഇത്രയ്ക്കിത്രയേ ഉള്ളൂ എന്ന യാഥാർഥ്യം നാം അംഗീകരിക്കണം. പ്രോത്സാഹിപ്പിക്കാൻ വേണ്ടി അതിശയോക്തി പറയേണ്ട കാര്യമൊന്നുമില്ല. വാസ്തവത്തിൽ നമ്മുടെ നിസാരത്വം മനസ്സിലാക്കുമ്പോഴാണ് നമുക്ക് ദൈവത്തിൽ കൂടുതൽ ആശ്രയിക്കാൻ കഴിയുന്നത്. വിനയമുള്ളവനേ ആശ്രയിക്കുകയുള്ളൂ. ആശ്രയിക്കുന്നവനു മാത്രമേ പ്രോത്സാഹനം ലഭിക്കൂ. ദൈവത്തിന്റെ പ്രോത്സാഹനവാക്കുകൾ പാഴ്‌വാക്കുകളല്ല. യാഥാർഥ്യത്തിന്റെ പിൻബലത്തിലാണ് ദൈവത്തിന്റെ ഓരോ വാക്കുകളും. ഓരോരുത്തരെയും പേരുചൊല്ലി കർത്താവ് ധൈര്യപ്പെടുത്തുന്നു.

'സെരുബ്ബാബേലേ ധൈര്യപ്പെടുക; യോശുവയേ ധൈര്യപ്പെടുക; ദേശത്തിലെ സകലജനങ്ങളുമായുള്ളോരേ ധൈര്യപ്പെട്ട് വേലചെയ്തുകൊള്ളുക'(ഹഗ്ഗായി 2:4). ദേശാധിപതിയോടും മഹാപുരോഹിതനോടും ആലയം പണിയിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങളോടും കർത്താവു പറയുന്നു: 'ധൈര്യപ്പെടുക'!


**എന്താണ് 'ധൈര്യ'ത്തിന്റെ അടിസ്ഥാനം?**

ആദ്യമായി 'ഞാൻ നിങ്ങളോടു കൂടെയുണ്ടല്ലോ' (ഹഗ്ഗായി 2: 4)എന്നു സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്. അതെ! ദൈവസാന്നിധ്യമാണ് നമ്മുടെ എല്ലാ ധൈര്യത്തിന്റെയും അടിസ്ഥാനം! എന്നാൽ, ദൈവസാന്നിധ്യം എല്ലാവർക്കും ധൈര്യം നൽകണമെന്നില്ല! ദൈവനിഷേധികൾക്കു ദൈവസാന്നിധ്യം ധൈര്യമല്ല, ഭീതിയാണു നൽകുക.

എന്നാൽ നാം ദൈവനിഷേധികളല്ല, ഉടമ്പടിയുടെ ആളുകളാണ്. 'നിങ്ങൾ മിസ്രയീമിൽ നിന്നു പുറപ്പെട്ടപ്പോൾ ഞാൻ നിങ്ങളോടു ചെയ്തിരിക്കുന്ന നിയമത്തിന്റെ (ഉടമ്പടിയുടെ) വചനം ഓർപ്പിൻ...' അതെ, നാം ദൈവത്തിന് 'വെറുതെക്കാരല്ല', 'ഉടമ്പടിയുടെ ജനങ്ങളാണ്...' പിന്നെ നാം എന്തിനു ഭയപ്പെടണം? ദൈവിക ഉടമ്പടി കല്ലിലോ കടലാസിലോ അല്ലെന്നു ഓർക്കണം. 'എന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു' (ഹഗ്ഗായി 2: 5). 'ഭയപ്പെടേണ്ട! ഞാൻ യിസ്രായേൽമക്കളുടെ മദ്ധ്യേ വസിക്കയും അവർക്കു ദൈവമായിരിക്കയും ചെയ്യും'(പുറപ്പാട് 29: 45). ഇവിടെ ചുറ്റുമുള്ള ജാതികൾ യിസ്രായേലിന് എതിർനിൽക്കുകയാണ്. അതുകൊണ്ടാണല്ലോ ഇത്രയധികം പ്രോത്സാഹനം അനിവാര്യമായിരിക്കുന്നത്. എന്നാൽ കർത്താവു പറയുന്നു: ഞാൻ ഇറങ്ങി പ്രവർത്തിക്കുവാൻ പോകയാണ്. 'ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ട് ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും; സകലജാതികളെയും ഇളക്കും'(ഹഗ്ഗായി 2: 6,7). ദൈവം ദീർഘക്ഷമയുള്ളവനാകകൊണ്ട് ചിലപ്പോൾ അവിടുന്ന് ദൈവനിഷേധികളുടെ 'കൂത്താട്ട'ങ്ങൾ പോലും സഹിച്ചുവെന്നു വരാം. എന്നാൽ ദൈവപദ്ധതികൾക്കു 'തുരങ്കം'വയ്ക്കാൻ ദൈവം അവരെ അനുവദിക്കുകയില്ല. ദൈവം എഴുന്നേൽക്കും. ദൈവം നമ്മെ ഭരമേൽപ്പിച്ച ദൗത്യം നിർവഹിക്കുന്നതിന് ദൈവനിഷേധികൾ തടസ്സം നിൽക്കുന്നുവോ? നിങ്ങൾ വിഷമിക്കേണ്ടതില്ല. അതു ദൈവത്തിന്റെ കാര്യം! ദൈവം എഴുന്നേൽക്കും. അവൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും... ധൈര്യമായിരിക്കുക.

ധൈര്യപ്പെടുവാൻ മറ്റൊരു കാരണം കൂടെയുണ്ട്: ദൈവികപദ്ധതിയുടെ നിർവ്വഹണത്തിന് ആവശ്യമായ എല്ലാ വിഭവങ്ങളും ദൈവം ഒരുക്കും എന്ന് അവിടുന്നു പറയുന്നു: 'വെള്ളി എനിക്കുള്ളത്, പൊന്നും എനിക്കുള്ളത് എന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ അരുളപ്പാട്' (ഹഗ്ഗായി 2: 8). 'സകലജാതികളുടെയും മനോഹരവസ്തുവരികയും' ചെയ്തു (ഹഗ്ഗായി 2: 7) എന്നത് മശിഹയുടെ ആഗമനമായി പലരും വ്യാഖ്യാനിക്കുന്നു... ചാൾസ് ഫിന്നിയുടെ ഗാനങ്ങളിലും ഈ ആശയം നമുക്കു കാണാം. എന്നാൽ, ആലയത്തിന്റെ പണിക്ക് ആവശ്യമായത് നല്കുവാൻ സകല ജാതികളുടെയും മെച്ചപ്പെട്ടവ

ശേഷം പേജ് 30 ▶



ചെയ്സ് ജോസഫ്

# ദൈവത്തിന് പ്രസാദം നുറുക്കപ്പെട്ട ഹൃദയം

***വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്ക് സാക്ഷ്യം ലഭിച്ചത്. ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു. വിശ്വാസത്താൽ ഹാബെൽ ദൈവത്തിനു കയീന്റെതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു; ദൈവം അവന്റെ വഴിപാടിനു സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു (എബ്രായ ലേഖനം 11 : 1 - 4)***

**നാം** പലപ്പോഴും ചിന്തിക്കുന്നത് മന:സാക്ഷിയാലോ ന്യായപ്രമാണത്താലോ നീതികരിക്കപ്പെടുന്ന 'യുഗങ്ങൾ' ഉണ്ടായിരുന്നു എന്നാണ്. എന്നാൽ ദൈവത്തിന്റെ പദ്ധതി ഒരിക്കലും അങ്ങനെ ആയിരുന്നില്ല. പൂർവ്വന്മാരുടെ കാലത്തും ഇക്കാലത്തും എക്കാലത്തും വിശ്വാസത്താൽ മാത്രമാണ് നീതീകരണം ലഭിക്കുന്നത്. ഒരുപക്ഷേ നാം പഴയനിയമം വായിക്കുമ്പോൾ ഒറ്റവായനയിൽ അങ്ങനെ മനസ്സിലായില്ല എന്നുവരാം. കാരണം പഴയനിയമത്തിൽ വിശ്വാസത്താലുള്ള നീതിയുടെ ഉപദേശം ഒരു നിഴൽ മാത്രം ആയിരുന്നു. ഇതിന്റെ പുറകിലുള്ള ആത്മീയ പൊരുളാണ് മൂന്നാം വാക്യത്തിൽ നാം വായിക്കുന്നത്.

'ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു'. അതായത് ലോകം നിർമ്മിക്കപ്പെട്ടത് ദൃശ്യമായ എന്തെങ്കിലും ഒരു വസ്തു ഉപയോഗിച്ചല്ല, പിന്നെയോ ദൈവത്തിന്റെ വചനത്താൽ മാത്രമാണ്. സൃഷ്ടിക്കാൻ കഴിയുന്ന ദൈവവചനത്തിന് ഒരാളിൽ വിശ്വാസം ഉളവാക്കുവാനും കഴിയും. എന്നാൽ അത് ദൃശ്യമാകണമെന്നില്ല. ഈ സൃഷ്ടി ഉണ്ടായത് പോലെ തന്നെ, ഒരു മനുഷ്യനിൽ വിശ്വാസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ നമുക്ക് ദൃശ്യമാകുന്നില്ല. ഒരുവനിൽ വിശ്വാസം ഉളവാകുന്നതും ദൈവവചനത്താൽത്തന്നെ സംഭവിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. അതുകൊണ്ട് ഏതൊരു മനുഷ്യനും നീതികരിക്കപ്പെടുന്നതിന്റെ പുറകിലുള്ള വിശ്വാസം അദൃശ്യമായിത്തന്നെ നിലകൊള്ളുന്നു. ഈ കാരണത്താൽ പഴയനിയമം വായിക്കുമ്പോൾ ഈ അദൃശ്യമായവ നമുക്ക്

വെളിപ്പെടുന്നില്ല. അതുകൊണ്ട് പഴയനിയമം വായിക്കുമ്പോൾ എല്ലാം അപ്പോസ്തലികമായ വെളിപ്പാടിന്റെ ദൃഷ്ടിയിലൂടെ അതു മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് ആവശ്യമാണ്. ഈയൊരു മാനദണ്ഡം ഉപയോഗിച്ച് നാം പഴയനിയമ കഥാപാത്രങ്ങളെ ശ്രദ്ധിക്കുമ്പോൾ അവരിൽ വിശ്വാസം എങ്ങനെയാണ് നീതിയായി പരിണമിച്ചത് എന്ന് കാണുവാൻ കഴിയും.

ചില ഉദാഹരണങ്ങളിലൂടെ ലേഖനകർത്താവ് ഇത് നമുക്ക് കാണിച്ചു തരുന്നു. 11:4 ൽ 'വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റെതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കൽപ്പിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു'. എന്തുകൊണ്ടാണ് ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുകയും കയീന്റെ യാഗത്തിൽ പ്രസാദിക്കാതിരിക്കുകയും ചെയ്തത്? അതിന്റെ ഉത്തരം പഴയനിയമത്തിൽ മറഞ്ഞിരിക്കുന്നു, എങ്കിലും അപ്പോസ്തലൻ ഇവിടെ വെളിപ്പെടുത്തുന്നത് 'വിശ്വാസമാണ്' അതിന് കാരണം എന്നാണ്. ഹാബേൽ വിശ്വാസത്താൽ യാഗം കഴിച്ചു. കായിൻ യാഗം കഴിച്ചു എങ്കിലും വിശ്വാസത്താലായിരുന്നില്ല.

ഇന്നും ഇത് വളരെ പ്രസക്തമാണ്. നാം പലപ്പോഴും ദൈവത്തിനു സമർപ്പിക്കണം, കൊടുക്കണം, ഏൽപ്പിച്ചു കൊടുക്കണം, വിധേയപ്പെടണം, അനുസരിക്കണം എന്നൊക്കെ കേട്ടിട്ടുണ്ട്. എന്താണ് ഇതിന്റെ കുഴപ്പം? നാം സമർപ്പിക്കുന്നത് പാപത്താൽ കളങ്കപ്പെട്ട നമ്മുടെ സ്വഭാവത്തെത്തന്നെയാണ്. അതുകൊണ്ട് ദൈവം എന്തു ചെയ്യും എന്നാണ് നാം പ്രതീക്ഷിക്കുന്നത്? ജഡസ്വഭാവമുള്ളവർക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ലല്ലോ. നമ്മുടെ പഴയ ജഡത്തിൽ അർപ്പിക്കപ്പെടുന്ന ഒന്നുകൊണ്ടും ദൈവത്തിനു മഹത്വം ഉണ്ടാവുകയില്ല. മഹത്വം ഇല്ലാത്തത് ഒന്നും ദൈവത്തിനു സ്വീകാര്യവും അല്ല. ഹാബേൽ ദൈവത്തിന് 'തകർക്കപ്പെട്ട' ഒരു യാഗമാണ് അർപ്പിച്ചത്. ആ അർപ്പിതവസ്തുകൊണ്ട് ഇനി ഒരു പ്രയോജനവുമില്ല.

നാം ശുശ്രൂഷിക്കുന്നത് നമ്മുടെ ഏതെങ്കിലും കഴിവുകളാലല്ല, ദൈവത്തിന്റെ ആത്മാവിന്റെ ശക്തിയാലും കൃപയാലുമാണ്. 'തകർക്കപ്പെട്ട, നുറുക്കപ്പെട്ട' ഹൃദയമാണ് ദൈവത്തിന് പ്രസാദകരമായ ആരാധന. തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ലല്ലോ. കർത്താവ് ഒരിക്കലും കഴിവുകൾ നോക്കിയല്ല നമ്മെ ശുശ്രൂഷയ്ക്ക് നിയോഗിക്കുന്നത്. തകർക്കപ്പെടാത്ത ഒരാളെയും ദൈവം ഉപയോഗിക്കുകയില്ല.

പൗലോസിനെയും പത്രോസിനെയും ശുശ്രൂഷയിൽ എങ്ങനെ ഉപയോഗിച്ചു എന്നുള്ളതിലാണ് ദൈവത്തിന്റെ ഈ സ്വഭാവം നാം കാണുന്നത്. പൗലോസ് വിദ്യാസമ്പന്നനായ ഒരു പരീശൻ ആയിരുന്നു. യഹൂദ മതത്തിൽപ്പെട്ടവരോട് കൃത്യമായി സംസാരിച്ച് അവരെ ബോധ്യപ്പെടുത്തുവാനുള്ള അറിവും കഴിവും പൗലോസിനുണ്ടായിരുന്നു. എന്നാൽ പൗലോസിനെ അയച്ചത്, ഒന്നും തിരിച്ചറിയാത്ത ജാതികളുടെ ഇടയിലേക്കാണ്. യഹൂദ മതപണ്ഡിതന്മാരോട് സംസാരിക്കാനായി അയച്ചതോ ഒരു സാധാരണക്കാരനായിരുന്ന പത്രോസിനെയാണ്. 'ഞാൻ യെഹൂദേതരരോട് സുവിശേഷം പ്രസംഗിക്കാൻ നിയോഗിക്കപ്പെട്ടതുപോലെതന്നെ പത്രോസ് യെഹൂദരോടും സുവിശേഷം അറിയിക്കുന്നു എന്ന് അവർ മനസ്സിലാക്കി. കാരണം, യെഹൂദരുടെ അപ്പൊസ്തലനായ പത്രോസിൽ പ്രവർത്തിച്ച ദൈവംതന്നെയാണ് യെഹൂദേതരരുടെ അപ്പൊസ്തലനായ എന്നിലും പ്രവർത്തിച്ചത്. സഭയിലെ അംഗീകൃത നേതൃനിരയിലുള്ള യാക്കോബും പത്രോസും യോഹന്നാനും, എനിക്കു നൽകപ്പെട്ട കൃപയെക്കുറിച്ച് ബോധ്യം വന്നതിനാൽ, ബർന്നബാസിനും എനിക്കും കൂട്ടായ്മയുടെ വലതുകരം തന്നു. ഞങ്ങൾ യെഹൂദേതരരുടെ മധ്യത്തിലേക്കും അവർ യെഹൂദരുടെ മധ്യത്തിലേക്കും പോകാൻ തീരുമാനമെടുത്തു (ഗലാത്യർ 2:7 - 9). രണ്ടുപേരും അവർ അയക്കപ്പെട്ട മേഖലകളിൽ പ്രാഗല്ഭ്യം ഉള്ളവരായിരുന്നില്ല. രണ്ടുപേരും സ്വന്തയുക്തിയിൽ നിന്നും സംസാരിക്കാതെ ദൈവത്തെ ആശ്രയിക്കാൻ തക്കവണ്ണം ഇവിടെ തകർക്കപ്പെട്ടവരായിരുന്നു. ഈ അവസ്ഥയിൽ ദൈവത്തെ വിശ്വസിക്കുകയല്ലാതെ വേറെയൊരു മാർഗ്ഗവും അവർക്കുണ്ടായിരുന്നില്ല.

അതുകൊണ്ടു പഴയനിയമത്തിൽ നാം പുറമെ കാണുന്നില്ലെങ്കിലും, എല്ലാ വിശുദ്ധന്മാരും നീതീകരിക്കപ്പെടുന്നത് വിശ്വാസത്താൽ തന്നെയാണ്. വിശ്വാസത്തിന്റെ ഈ ഒരേയൊരു വഴി തന്നെയാണ് ദൈവം നമുക്കും അവർക്കും വച്ചിട്ടുള്ളത് .

ബെഞ്ചമിൻ വർഗീസ്

# ഇരുളിൽ വഴികാട്ടും വിളക്കുമാടങ്ങൾ

***** ഒമ്പതാംമണി നേരത്ത് യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ട ത് എന്ത് എന്ന് അർഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ എന്ന് അത്യുച്ചത്തിൽ നിലവിളിച്ചു (മർക്കോസ് 15: 34).*

അന്ത്യോഖ്യായിലെ ഒരു ചെറിയ വീട്ടിൽ ഒരുപറ്റം ആളുകൾ കൂടിയിരുന്നു. അന്ത്യോഖ്യ സഭയിലെ വിശ്വാസികളായിരുന്നു അവർ. ലോകമെമ്പാടുമുള്ള യഹൂദന്മാർ എസ്ഥേറിന്റെയും മൊർദ്ദെഖായിയുടെയും കാലത്ത് ഹാമാന്റെ ഭീഷണിയിൽ നിന്നുമുണ്ടായ അത്ഭുതകരമായ വിടുതലിന്റെ ഓർമ്മ പുതുക്കുന്ന പുരീം ഉത്സവം കൊണ്ടാടുകയാണ്. അവിടെ കൂടിയിരുന്നവരും പുരിം ആഘോഷിക്കാനായി തന്നെയാണ് കൂടി വന്നിരിക്കുന്നത്. അവരുടെ മധ്യത്തിൽ നിന്നും ഒരു യുവാവ് എഴുന്നേറ്റ് പതുക്കെ ചുരുൾ നിവർത്തി വായിക്കാൻ ആരംഭിച്ചു. യഹൂദന്മാർ പുരീമിൽ പതിവായി വായിക്കുന്ന 22-ാം സങ്കീർത്തനമാണ് അവൻ വായിച്ചത്. 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?'... അവൻ വായന ആരംഭിച്ചു.

വായന പൂർത്തിയാക്കിയശേഷം അവൻ കുറച്ചുസമയം നിശബ്ദനായി നിന്നു. ആളുകൾ ആകാംക്ഷയോടെ അവൻ എന്താണ് ഇനി പറയാൻ പോകുന്നത് എന്ന് കാത്തിരിക്കുമ്പോൾ മൃദുവായ ശബ്ദത്തിൽ അവൻ പറഞ്ഞു തുടങ്ങി. നമ്മുടെ രാജാവായിരുന്ന ദാവീദ് ഈ വിലാപം കഴിക്കുമ്പോൾ അദ്ദേഹം കടന്നുപോയ ഒറ്റപ്പെടലിലെ വേദനയുടെയും ഭീതിയുടെയും അനുഭവങ്ങൾ തന്നെയാണ് ഹാമാന്റെ ഭീഷണിയുടെ മുമ്പിൽ എസ്ഥേർ രാജ്ഞിയും അനുഭവിച്ചത്. എല്ലാവരാലും കൈവിടപ്പെട്ടവരായി ശത്രുക്കളാൽ ചുറ്റപ്പെട്ട് 'ഇനിയെന്തു ചെയ്യും?' എന്ന് ചിന്തിക്കുമ്പോഴും പ്രത്യാശ കൈവിട്ടു കളയരുതെന്നാണ് ദാവീദിന്റെയും എസ്ഥേറിന്റെയും ജീവിതം നമ്മെ പഠിപ്പിക്കുന്നത്. അവൻ പറഞ്ഞു നിർത്തി.

പെട്ടെന്ന് ആൾക്കൂട്ടത്തിൽ നിന്നും ഒരാൾ എഴുന്നേറ്റു മുമ്പോട്ട് വന്നു. സ്തെഫാനൊസിന്റെ മരണത്തെ തുടർന്നുണ്ടായ പീഡമൂലം യെരുശലേമിൽ നിന്നും അന്ത്യോഖ്യയിലേക്ക് വന്നവരിൽപെട്ട കുറേനക്കാരനായ ശിമോൻ ആയിരുന്നു അത്. അദ്ദേഹം മുന്നിലേക്ക് എത്തി ഇപ്രകാരം പറഞ്ഞു. തലമുറകളായി നമ്മുടെ പിതാക്കന്മാർ നമുക്ക് പകർന്നുതന്ന പഠിപ്പിക്കലും അറിവുമാണിത്. അതിൽ സത്യവുമുണ്ട്. എങ്കിലും ഈ ഒരു വാക്യത്തിന്റെ യഥാർത്ഥ പൂർത്തീകരണം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആണ് ഉണ്ടായത്. അതിനു ഞാൻ സാക്ഷിയാണ്, അതാണ് എന്നെ കർത്താവിലേക്ക് എത്തിച്ചതും. അത് എപ്രകാരമാണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം.

ഒരു പെരുന്നാൾ സമയത്തായിരുന്നുവല്ലോ നമ്മുടെ കർത്താവിനെ അവർ ക്രൂശിച്ചത്. ആ കാലങ്ങളിൽ അങ്ങകലെ 'കുറേന' എന്ന പട്ടണത്തിൽ ആയിരുന്നു ഞങ്ങളുടെ കുടുംബം താമസിച്ചിരുന്നത്. അവിടെ ഉണ്ടായിരുന്ന എല്ലാ യഹൂദന്മാരെയും പോലെ യെരുശലേമിൽ എത്തി ഒരു തവണയെങ്കിലും പെരുന്നാൾ കൂടണം എന്നത് എന്റെയും വലിയ ഒരു ആഗ്രഹമായിരുന്നു. എന്നാൽ ഞങ്ങൾ കുറേന്യർക്ക് അത്ര നിസാര കാര്യമല്ല. ഞങ്ങളുടെ രാജ്യത്തുനിന്നും 1200 കിലോമീറ്റർ അകലെയാണ് യെരുശലേം. കാടും മലയും താണ്ടി വയലും പുഴയും ഒക്കെ കടന്നുവേണം യെരുശലേമിൽ എത്താൻ. മാസങ്ങൾ എടുക്കും ആ യാത്രയ്ക്ക്. ദീർഘവർഷ

ങ്ങൾ നീണ്ടുനിന്ന തയ്യാറെടുപ്പുകൾക്കൊടുവിലാണ് എനിക്ക് അതിനുള്ള അവസരം കൈവന്നത്. ഈ യാത്രയ്ക്കാവശ്യമായ പണം കണ്ടെത്താനായി എത്രയെത്ര ആവശ്യങ്ങളും ആഗ്രഹങ്ങളും വേണ്ടെന്നു വച്ചു, സാധ്യമായ കഠിനാധ്വാനം ചെയ്തു, അധികപണം കണ്ടെത്തി. അതിനാൽത്തന്നെ ഞാൻ തികച്ചും ഉത്സാഹഭരിതനായിരുന്നു. അങ്ങനെ യെരുശലേമിൽ എത്തിയപ്പോഴാകട്ടെ നാനാദേശങ്ങളിൽനിന്നും പെരുന്നാളിനായി എത്തിയവരെക്കൊണ്ട് ദേശം നിറഞ്ഞിരുന്നു. നഗരത്തിൽ സാധാരണ പാർക്കുന്നതിനേക്കാൾ പത്തിരട്ടിയിലധികം ആളുകളാണ് പെരുന്നാളിന് അവിടെ കുടിവന്നിരുന്നത്. നഗരത്തിൽനിന്നും ഏതാനും മണിക്കൂറുകൾ അകലെ ഒരു വയലോരപ്രദേശത്തുള്ള ഭവനമാണ് എനിക്ക് താമസിക്കാനായി ലഭ്യമായത്. പെരുന്നാളിന്റെ ഓരോ ദിവസവും അതിരാവിലെ തന്നെ ഞാൻ ദൈവാലയത്തിൽ എത്തുവാൻ പരിശ്രമിച്ചു. കാരണം, വൈകിയെത്തുന്നവർ ജനക്കൂട്ടത്തിനു പുറകിലായിപ്പോകുമായിരുന്നു.


എല്ലാദിവസത്തെയും പോലെ പെസഹയുടെ പിറ്റേന്നും അതിരാവിലെ തന്നെ ദൈവാലയത്തിൽ എത്തുവാനായി ഞാൻ നേരത്തെതന്നെ പുറപ്പെട്ടു. പെസഹയുടെ പിറ്റേന്നത്തെ ചടങ്ങുകൾ വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽത്തന്നെ ഏറ്റവും മികച്ച വസ്ത്രവും ധരിച്ച്, ശുദ്ധീകരണകർമ്മങ്ങളും നിർവ്വഹിച്ചാണ് ഞാൻ യാത്ര തിരിച്ചത്. കഴിയുന്നത്രയും സമയം ദൈവാലയത്തിൽ ചിലവിടണം എന്നതായിരുന്നു എന്റെ ആഗ്രഹം. അങ്ങനെ യെരുശലേം ദൈവാലയത്തോടടുത്തപ്പോഴാണ് ഞാൻ ആ വലിയ ആരവം കേട്ടത്. കേവലം ഉത്സവത്തിന് വന്ന ജനങ്ങളുടെ ആരവത്തിൽനിന്ന് വ്യത്യസ്തമായിരുന്നു അത്. ഉച്ചത്തിലുള്ള അട്ടഹാസങ്ങളും ആക്രോശങ്ങളും നിലവിളിയും എല്ലാം എനിക്ക് അവിടെ കേൾക്കാൻ സാധിച്ചു. എന്താണ് അവിടെ സംഭവിക്കുന്നത് എന്ന് അറിയുവാനുള്ള ആഗ്രഹത്തിൽ ഞാൻ അവിടേക്ക് ഒന്ന് പോയതാണ്. അതെന്റെ ജീവിതത്തെ മാറ്റിമറിക്കുന്ന തീരുമാനമായിരുന്നു എന്ന് ഞാൻ അപ്പോഴറിഞ്ഞതേയില്ല.

അതിഭയാനകമായിരുന്നു അവിടെ കണ്ട കാഴ്ച. ആരെന്നറിയാത്ത ഒരു വ്യക്തിയെ പടയാളികൾ ചാട്ടവാറിന് അടിക്കുന്നു. അയാളുടെ ചുമലിൽ വെച്ചിരിക്കുന്ന കുരിശിന്റെ ഭാരം താങ്ങാൻ ആകാതെ അയാൾ അടിക്കടി താഴെ വീഴുന്നുണ്ട്. ഇനിയൊരു ചുവടുകൂടി മുമ്പോട്ടു വയ്ക്കാൻ ആവില്ല എന്ന് അയാളെ കാണുന്ന ആർക്കും മനസ്സിലാകും. ഒരുതവണ അയാൾ വന്നു വീണത് എന്റെ സമീപേ ആയിരുന്നു. ഞാൻ വേഗം പുറകിലേക്ക് മാറി. ഒരുതുള്ളി രക്തം പറ്റിയാൽ എനിക്ക് ഏഴു ദിവസത്തേക്ക് ദൈവാലയത്തിൽ പ്രവേശിക്കാൻ ആവാതെ വരും. ഏതായാലും സ്ഥലംവിട്ടേക്കാം എന്ന് കരുതി തിരിഞ്ഞുനടക്കുമ്പോഴാണ് പടയാളികളിൽ ഒരാൾ എന്നെ പുറകിലേക്ക് വലിച്ചത്. എന്നിട്ട് അവർ എന്നെ ആ കുരിശ് ചുമക്കുവാൻ നിർബന്ധിച്ചു. ഞാൻ എതിർത്തെങ്കിലും പ്രയോജനം ഒന്നുമില്ലായിരുന്നു. അവർ ആ കുരിശെടുത്ത് എന്റെ ചുമലിൽ വെച്ചപ്പോഴാവട്ടെ ആ കുരിശിൽ പറ്റിയിരുന്ന രക്തം പെരുന്നാളിന് പ്രത്യേകം കരുതിയിരുന്ന എന്റെ വസ്ത്രത്തിൽ ആകമാനം പുരണ്ടു.

അയ്യോ, ഞാൻ അശുദ്ധനായി പോയല്ലോ എന്നാണ് എന്റെ മനസ്സിൽ അപ്പോൾ വന്ന ചിന്ത. എനിക്കിനി ദൈവാലയത്തിൽ പ്രവേശിക്കാനാവില്ലല്ലോ. കുരിശിന്റെ ഭാരത്തെക്കാൾ എന്നെ അലട്ടിയത് ആ ചിന്തയായിരുന്നു. സകല മാനവരെയും വിശുദ്ധരാക്കുവാൻ മതിയായ പുണ്യാഹരക്തമാണ് എന്റെ ദേഹത്ത് പറ്റിയതെന്ന് അപ്പോൾ എനിക്കറിയില്ലായിരുന്നു.

ആ കുരിശും പേറി കാൽവറിക്കുന്നിലേക്കുള്ള യാത്രയിൽ ഞാൻ പലതവണ എന്നോടൊപ്പം നടക്കുന്ന ആ മനുഷ്യനെ നോക്കി. എന്ത് കുറ്റം ആയിരിക്കും ഇയാൾ ചെയ്തിരിക്കുന്നത്? ഈ മനുഷ്യൻ ഒരു കൊടും കുറ്റവാളി ആയിരിക്കണം. എനിക്ക് അദ്ദേഹത്തോട് ഒരുതരം ഈർഷ്യയാണ് തോന്നിയത്. അയാൾ ചെയ്ത കുറ്റത്തിന് ഞാൻ ശിക്ഷയേൽക്കേണ്ടി വരുന്നു. മറ്റൊരാളുടെ കുറ്റത്തിന്റെ ശിക്ഷ ഏൽക്കേണ്ടി വരുന്നതിനോളം വലിയ അനീതി ലോകത്തില്ല എന്ന് ഞാൻ എന്റെ മനസ്സിൽ കരുതി... (തുടരും...)

**** കുറിവാകൃത്തിലെ ഒമ്പതാം മണി നേരം എന്നുപറയുന്നത് റോമൻ ക്രമം അനുസരിച്ച് ഉച്ചകഴിഞ്ഞ് മൂന്നു മണിയാണ്. എഡിറ്റർ***



ഡേവിഡ് വിൽക്കേഴ്സൺ

# ക്രിസ്തുവല്ലാതെ മറ്റൊരു വഴിയില്ല

മനുഷ്യജീവിതം ഒരു യാത്രയാണ്. ആഗ്രഹങ്ങളുടെയും നേട്ടങ്ങളുടെയും തിരക്കുകളുടെയും സ്വപ്നങ്ങളുടെയും വഴിയിലൂടെയുള്ള ഒരു യാത്ര. ഈ യാത്രയിൽ ഓരോരുത്തരും എന്തെങ്കിലുമൊക്കെ നേടാൻ ശ്രമിക്കുന്നു. എല്ലാം വൈവിധ്യമാർന്ന താത്കാലിക ലക്ഷ്യങ്ങൾ. ചിലർ വിജയം, മറ്റു ചിലർ അംഗീകാരം, സമൃദ്ധി, സന്തോഷം പദവി, പ്രശസ്തി എന്നിങ്ങനെ നീളുന്നു ലക്ഷ്യങ്ങൾ. എന്നാൽ നശിച്ചുപോകുന്ന ലൗകിക സന്തോഷത്തേക്കാൾ അത്യുന്നതനായ ദൈവത്തിങ്കലേക്കാണ് ഇന്നും മാനവകുലത്തെ ദൈവം വിളിക്കുന്നത്. ഈ സത്യം ഒരു ആശയമല്ല, അനുഭവമാണ്. അത് ഒരു സിദ്ധാന്തമല്ല; പ്രായോഗികമാക്കേണ്ട ദൈവിക ബന്ധമാണ്. ദൈവത്തോടുള്ള ആ ബന്ധത്തിന്റെ പ്രതീകമായി വേദപുസ്തകം വെളിപ്പെടുത്തുന്ന അത്ഭുതകരമായ ഒന്നാണ് ദൈവത്തോടോത്തുള്ള സഖിത്വം.

ദൈവം തന്റെ മക്കൾക്കായി ഒരുക്കിയിരിക്കുന്ന ഈ കൂട്ടായ്മ ഭൂമിയിലെ ഒരു സാധാരണ വിരുന്നല്ല. അത് ആത്മീയ അടുപ്പത്തിന്റെ, കൃപയുടെ, ദൈവിക വെളിപ്പെടുത്തലിന്റെ സമൃദ്ധമായ വിരുന്നാണ്. അവിടേക്കു ക്ഷണിക്കപ്പെട്ടവർക്ക് വേണ്ടി ദൈവം തന്റെ ഹൃദയം തുറക്കുന്നു. അവിടെ മനുഷ്യൻ ദൈവത്തെ കേൾക്കുന്നു; ആ കൂട്ടായ്മാബന്ധത്തിൽ അവന്റെ ഉള്ളിലെ ശൂന്യത നീങ്ങിപ്പോകുന്നത് അനുഭവവേദ്യമാകുന്നു.

ദൈവം മനുഷ്യനെ തന്നോടുള്ള കൂട്ടായ്മയ്ക്കായി തന്റെ സന്നിധിയിലേക്ക് ക്ഷണിക്കുന്നു. ഈ ക്ഷണം ആരുടെയും അർഹതയെ അടിസ്ഥാനമാക്കിയുള്ളതല്ല; കൃപയെ അടിസ്ഥാനമാക്കിയുള്ളതാണ്. യേശു നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നമുക്ക് കൂട്ടായ്മയിലേക്കുള്ള ക്ഷണം ലഭിക്കുന്നത്. എങ്കിലും ഈ ക്ഷണത്തെ പലരും അലക്ഷ്യമാക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ സത്യത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ വേദനാജനകമായ ഒരു യാഥാർത്ഥ്യം നമ്മെ തൊടുന്നു. യജമാനനൊരുക്കുന്ന ആത്മീയവിരുന്നിന്റെ മേശയ്ക്കുള്ള ക്ഷണം നിരാകരിച്ച് ലൗകികകാര്യങ്ങളിലേക്ക് തിരിഞ്ഞ

പലരുടെയും ഇരിപ്പിടങ്ങൾ ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളത് വേദനാജനകമല്ലേ?

ഇന്നും ദൈവമക്കൾ എന്നവകാശപ്പെടുന്ന അനേകരുടെ ജീവിതം പരിശോധിച്ചാൽ, അവർ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നു, ശുശ്രൂഷകളിൽ സജീവമായിരിക്കുന്നു, പ്രസംഗങ്ങളിലും സേവനങ്ങളിലും ഗാനാലാപനങ്ങളിലും മുഴുകിയിരിക്കുന്നു. മറ്റുള്ളവരെ സ്വാധീനിക്കത്തക്ക നിലയിൽ വളരെ കർമ്മനിരതരെന്നു തോന്നിപ്പിക്കുന്ന പ്രവർത്തനങ്ങൾ. ഇതെല്ലം ഒരു പ്രോഗ്രാം എന്നപോലെ നടക്കുണ്ടെങ്കിലും ദൈവത്തോടൊപ്പം ഇരിക്കാൻ അവർ സമയം കണ്ടെത്തുന്നതേയില്ല.

ഇത് ഒരു ആത്മീയ വൈരുധ്യമല്ലേ? ദൈവത്തെക്കുറിച്ച് സംസാരിക്കുന്ന മനുഷ്യർ ദൈവത്തിനുവേണ്ടി പാടുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ ദൈവത്തോടൊപ്പം ജീവിക്കുന്നില്ല, ജീവിക്കാനിഷ്ടപ്പെടുന്നുമില്ല. ദൈവത്തിനുവേണ്ടി ഓടുന്ന മനുഷ്യൻ ദൈവസന്നിധിയിൽ സമയം ചിലവഴിക്കുന്നില്ല. എന്തൊരു വിരോധാഭാസം! അതിനാൽ കർത്താവിന്റെ ഹൃദയത്തിൽ നിന്നും വേദനയോടെ ഒരു ചോദ്യം ഉയരുന്നു: 'ഞാൻ നിന്നോടുള്ള കൂട്ടായ്മക്കായി കാത്തിരിക്കുന്നുവെങ്കിലും നീ എവിടെയാണ്?' സേവനം അനാവശ്യമെന്നല്ല, അതിലും മഹത്തായത് ദൈവത്തോടുള്ള കൂട്ടായ്മ ആകുന്നുവെന്നത് എത്രപേർ തിരിച്ചറിയുന്നു? അതിനായി വാഞ്ഛിക്കുന്നു?

ദൈവം ഒരിക്കലും ആരോടും നീ എത്രസമയം വേല ചെയ്തു, എത്ര പേരോട് പ്രസംഗിച്ചു? എവിടെയെല്ലാം പ്രവർത്തിച്ചു എന്നിങ്ങനെ ചോദിക്കുവാൻ സാധ്യതയില്ല. അവിടുന്ന് ചോദിക്കുന്നത്, 'നിനക്ക് ലഭിച്ച സമയങ്ങളിൽ എനിക്കൊപ്പം എത്രസമയം ചെലവഴിച്ചു' എന്നുമാത്രമായിരിക്കും. സേവനത്തേക്കാൾ അവിടുന്ന് ആഗ്രഹിക്കുന്നത് അവിടുത്തോടൊപ്പം സമയം ചെലവഴിക്കുവാനാണ്. ദൈവത്തോടൊപ്പം നടക്കാത്ത, ദൈവികകൂട്ടായ്മയില്ലാത്ത എല്ലാ സേവനങ്ങളും നമ്മുടെ ആത്മാവിനെ നിശ്ചയമായും ക്ഷീണിപ്പിക്കും. ദൈവത്തോടടുപ്പമില്ലാത്ത ശുശ്രൂഷ ഒടുവിൽ ശൂന്യതയിലേക്ക് നയിക്കും. അതുകൊണ്ടുതന്നെ ആത്മീയജീവിതത്തിന്റെ അടിത്തറ, തിരക്കേറിയ പ്രവർത്തനങ്ങൾ അല്ല, അതിലുപരി ദൈവവമായുള്ള കൂട്ടായ്മാബന്ധമാണ്. ഈ സത്യത്തെ മനസ്സിലാക്കുന്നവർ അവരുടെ ജീവിതത്തിൽ മൂന്ന് നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കേണ്ടിവരും.

**ഒന്നാമത്തേത്** ക്രിസ്തുവിനെ കൂടുതൽ അറിയാനുള്ള ദാഹം ഒരുവനിലുണ്ടാവുക എന്നതാണ്. ക്രിസ്തുവിനെക്കുറിച്ചു താനറിഞ്ഞതിൽ ഒരിക്കലും അവൻ തൃപ്തനാകുന്നില്ല, കേൾക്കുന്നതിൽ തനിക്ക് മതി വരുന്നില്ല. യേശുവിനോടൊപ്പം ജീവിക്കണം എന്ന ആഗ്രഹത്തിൽ കവിഞ്ഞതെല്ലാം അവനിൽ നിന്നും നീങ്ങിപ്പോയിരിക്കുന്നു. ശാന്തമായ പ്രാർത്ഥനയുടെ നിമിഷങ്ങളിൽ, ആത്മാവിന്റെ ആഴങ്ങളിൽ, ദൈവസാന്നിധ്യത്തിൽ വസിച്ച് ക്രിസ്തുവിനെക്കുറിച്ചുള്ള യഥാർത്ഥ വെളിപ്പാടുകൾ പ്രാപിക്കുന്ന അനുഭവം.

**രണ്ടാമത്തേത്** ക്രിസ്തുവിനെ മാത്രം ജീവിതത്തിൽ ഉയർത്തുക എന്നതാണ്. ലോകം ഇരുട്ടിൽ മുങ്ങിക്കിടക്കുന്നു. ആ ഇരുട്ടിനെ അകറ്റാൻ മനുഷ്യശക്തിക്കും ബുദ്ധിക്കും കഴിയില്ല. ക്രിസ്തുവിന്റെ വെളിച്ചം മാത്രമാണ് ഇരുട്ടിനെ നീക്കുന്നത്. അതുകൊണ്ടുതന്നെ സത്യസന്ധമായ ശുശ്രൂഷയുടെ ഹൃദയം എന്ന് പറയുന്നത് ക്രിസ്തുവിനെ മാത്രം ഉയർത്തുക എന്നതാകുന്നു.

**മൂന്നാമത്തേത്** ക്രിസ്തുവിന്റെ ജീവിതം നമ്മിൽ പ്രതിഫലിപ്പിക്കുക എന്നതാണ്. കേൾക്കുന്ന വചനസത്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ രൂപാന്തരാനുഭവമാകണം. വാക്കുകൾ പ്രവൃത്തികളാകണം. അറിവുകൾ അനുഭവമാകണം. വിശ്വാസം ജീവിതമാകണം.

ആത്മീയലോകത്തെ പ്രതിസന്ധി, ആത്മീയമാന്ദ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. മനുഷ്യൻ എല്ലാം നേടിയിട്ടും എന്തോ നഷ്ടപ്പെട്ടതുപോലെ... കാരണം അവൻ ദൈവിക കൂട്ടായ്മയെ അഗണ്യമാക്കിയിരിക്കുന്നു. ആത്മീയ കാര്യങ്ങളിൽ കർമ്മനിരതനാണെകിലും മറിയയെപ്പോലെ യേശുപാദാന്തികേ ഇരിക്കുന്നില്ല. അവൻ ദൈവത്തിനായി സംസാരിക്കുന്നു, പക്ഷേ ഉള്ളിലെ ശൂന്യത അവൻ പോലും അറിയുന്നില്ല, പരിഹരിക്കപ്പെടുന്നതുമില്ല. ഈ അവസ്ഥയിൽ നിന്ന് മോചനം നേടാനുള്ള ഏകമാർഗ്ഗം, വീണ്ടും കർത്താവിനോടുള്ള ആത്മബന്ധത്തിലേക്കു മടങ്ങിവന്നു തന്നോടൊപ്പം തിരുഹിതപ്രകാരം നടക്കുക എന്നതുമാത്രമാണ്.

നമുക്ക് യഥാർത്ഥത്തിൽ അറിയേണ്ടതും നേടേണ്ടതും ക്രിസ്തുവിനെയല്ലതെ മറ്റാരെയാണ്?

ശേഷം പേജ് 18 ▶



പി വി വർഗീസ്

# ക്രിസ്തുവിന്റെ നാളിൽ പുകഴ്ച ലഭിക്കുവാൻ


***തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽനിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും? (യോഹന്നാൻ 5:44).***

യഹൂദൻ കാത്തുകാത്തിരുന്ന മശിഹായെക്കുറിച്ചുള്ള പ്രവചനങ്ങളാൽ നിബിഡമാണ് ന്യായപ്രമാണവും സങ്കീർത്തനങ്ങളും പ്രവചനപുസ്തകങ്ങളും. ദൈവത്തെ ദൈവം എന്നോർത്ത് ബഹുമാനിച്ചെങ്കിലേ വചനത്തിലെ മാർമ്മികസത്യങ്ങൾ ഗ്രഹിക്കുവാനും വിശ്വസിക്കുവാനും കഴിയുകയുള്ളൂ. മഹത്വത്തിനും സ്തോത്രത്തിനും പുകഴ്ചയ്ക്കും ആരാധനയ്ക്കും യോഗ്യൻ യേശുകർത്താവ് മാത്രമാണ്. ഈ ലോകത്തിൽ യേശുവിനു മുൻപും പിൻപും ആരാധ്യനായി മറ്റാരും ഉണ്ടായിട്ടില്ല. മോക്ഷയാത്രയിൽ നമ്മിലെ ജഡികമനുഷ്യൻ കുറയുകയും മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വളരുകയും ചെയ്യുന്നത് ആത്മികവളർച്ചയുടെ അടയാളമാണ്. പഴയനിയമവിശുദ്ധനും യേശുവിന്റെ മുന്നോടിയുമായ യോഹന്നാൻസ്നാപകൻ ഈ ആത്മികസത്യം ഗ്രഹിച്ചിരുന്നു. യേശു വളരണമെന്നും താൻ കുറയണമെന്നുമുള്ള സമർപ്പണം സ്നാപക യോഹന്നാൻ വ്യക്തമാക്കുന്നു (യോഹന്നാൻ 3:30). ഇത് നമ്മുടെയും ജീവിതത്തിൽ പ്രയോഗികമാക്കേണ്ടതാണ്.

ആത്മികസത്യങ്ങൾ വിശ്വസിക്കണമെങ്കിൽ ഏകസത്യദൈവത്തിൽ നിന്നുള്ള ബഹുമാനം പ്രാപിക്കുവാൻ തക്കവണ്ണം ജീവിതം ക്രമപ്പെടണം. 'എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും' എന്ന് ദൈവം തിരുവായ്മൊഴിയുമ്പോൾ വചനമാകുന്ന ദൈവത്തെ അനുസരിക്കുന്നതിലൂടെ മാത്രമേ ദൈവത്തെ മാനിക്കുവാൻ സാധിക്കുകയുള്ളൂ എന്നു സാരം. ദൈവത്തെ സ്നേഹിക്കുന്നവനു മാത്രമേ അനുസരിക്കുവാൻ കഴിയുകയുള്ളൂ. ദൈവസ്നേഹം ജീവിതം കൊണ്ട് തെളിയിക്കുന്നതാണ് അനുസരണം. 'എന്റെ കല്പനകൾ ലഭിച്ച് പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ച് എന്നെത്തന്നെ അവനു വെളിപ്പെടുത്തിക്കൊടുക്കും (യോഹന്നാൻ 14:21) എന്ന് യേശുകർത്താവ് സ്പഷ്ടമാക്കുന്നു. അതായത് ദൈവിക വെളിപ്പാടുകൾ ലഭി

ശേഷം പേജ് 28 ▶





**ഡോ. സജികുമാർ കെ. പി.**
ഫോൺ: 9947031318

# തകർക്കുന്ന ഓൺലൈൻ ഗെയിമുകൾ

ഓൺലൈൻ ലോകം നിസ്സാരമല്ല. 6200 കോടി രൂപ വർഷാവർഷം വിനിമയം ചെയ്യപ്പെടുന്ന കച്ചവടശൃംഖലയാണത്. ഇന്ന് 38 കോടിയോളം ഇന്റർനെറ്റ് ഗെയിം ലഭ്യമാണ്. അതിൽ. നമ്മുടെ ചെറുപ്പക്കാർക്ക് ഇടർച്ച ആകുന്ന പ്രധാനവിഭാഗം പ്രിഫയർ, പബ്ജി, ഹിറ്റ്മാൻ എന്നിങ്ങനെയുള്ള അസോൾട്ട് ഗെയിമുകളാണ്. 35 മണിക്കൂർ വരെ ഉറക്കവും ഭക്ഷണവും മറന്ന് ഒറ്റയിരിപ്പിൽ ഇത്തരം ഗെയിം കളിച്ച ആളെപ്പറ്റിയും, ഇത്തരം ഗെയിം അഡിക്ഷൻ പഠനത്തെയും കുടുംബ ബന്ധങ്ങളെയും സ്വഭാവരീതികളെയും എങ്ങനെ ബാധിക്കുന്നു എന്നും നാം ചർച്ച ചെയ്തു തുടങ്ങിയിരിക്കുന്നു.

2025 ജൂണിൽ മാനസികാരോഗ്യ പ്രശ്നങ്ങളുടെ പട്ടികയിൽ മറ്റ് അഡിക്ഷനൊപ്പം ഓൺലൈൻ ഗെയിം അഡിക്ഷനും ഉൾപ്പെടുത്തിക്കൊണ്ട് ലോകാരോഗ്യ സംഘടന അറിയിപ്പ് നൽകയുണ്ടായി. ഇത്തരത്തിൽ ഗെയിമിന് അടിമപ്പെട്ടിരിക്കുന്ന കുട്ടികളെയും ചെറുപ്പക്കാരെയും ഔദ്യോഗികമായി മാനസികാരോഗ്യപ്രശ്നമുള്ളവരുടെ പട്ടികയിലുൾപ്പെടുത്തുകയും, വിദഗ്ധചികിത്സയും കൗൺസലിംഗും നൽകുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ലോകാരോഗ്യ സംഘടന നടത്തിയ ഒരു അഭിപ്രായസർവ്വേ അനുസരിച്ച് 24 ശതമാനം ആളുകൾ, അവരുടെ പഠനത്തെയും ജോലിയെയും ബാധിക്കുന്ന വിധത്തിൽ ഇത്തരം ഗെയിമിലേക്ക് അടിമപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുകയുണ്ടായി. 42% പേർ പറഞ്ഞത് ഒരു നല്ല ധനസമ്പാദന മാർഗ്ഗമായതിനാൽ ഇത് ശീലമാക്കുന്നതിൽ തെറ്റില്ല എന്നും ആണ്.

യന്ത്രത്തോക്കും ഗ്രനൈഡും ഉപയോഗിച്ച് കണ്ണിൽപ്പെടുന്നവരെ വകവരുത്തുന്ന ഗെയിമുകളിൽ, വെടിയുണ്ട മറ്റൊരാളുടെ തല തുളച്ചു പുറത്തു പോകുന്നതും, കൈകാലുകൾ ചിതറിത്തെറിക്കുന്നതും ചോര ചീറ്റുന്നതും ഒക്കെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന കമ്പ്യൂട്ടർ ഗ്രാഫിക്സ് ആണ് ഉപയോഗിക്കുന്നത്. ഇവിടെ ദൈവാനുരൂപമായി ആത്മീയതയിൽ മനസ്സ് നിറയ്ക്കേണ്ട ഒരു തലമുറ, ചിന്തകളെ സ്വാധീനിക്കുന്ന പൈശാചികതയിലല്ലേ രാവും പകലും ചിലവഴിക്കുന്നത്? ക്ഷമയും സഹനവും അനുകമ്പയും സ്നേഹവും മറ്റും നിറയേണ്ട മനസ്സുകളിൽ വിദ്വേഷവും വൈരാഗ്യവും നശീകരണ പ്രവണതയും വളരുന്നത് കണ്ടിട്ട് സ്വസ്ഥമായി ഇരിക്കുവാൻ കഴിയുമോ?

ഭാവനയിൽ ദിനംപ്രതി സ്വമനസ്സിലേക്ക് മനുഷ്യരെ നിഷ്ക്കരുണം കൊന്നുമുടിക്കുന്ന, അന്ധകാരം നിറയ്ക്കുന്ന മക്കൾ യഥാർത്ഥ ജീവിതത്തിലും ഇതുതന്നെ പ്രദർശിപ്പിക്കും എന്നത് നാം കണ്ടുകൊണ്ടിരിക്കുകയാണ്. ദേഷ്യം കയറിയാൽ ഉടൻ സർവ്വനിയന്ത്രണങ്ങളും വിട്ട്

പൈശാചികഭാവം കൈവരിക്കുന്ന മക്കൾ, പ്രകോപിപ്പിക്കുന്നവരെ നിർദ്ദാക്ഷിണ്യം ക്രൂരമായി ഉപദ്രവിക്കുന്ന കൗമാരക്കാർ, മാതാപിതാക്കളെന്നോ സഹോദരങ്ങളെന്നോ ഉള്ള പരിഗണനകൾ പോലും മറന്ന് അക്രമ മനോഭാവം കാണിക്കുമ്പോൾ ഒരു പുനർവിചിന്തനം അത്യാവശ്യമാണ്. സ്വന്തം പിതാവിനെ ചുമരിലേക്ക് തള്ളിയപ്പോൾ അദ്ദേഹം തലയിടിച്ചു വീണ് മുറിപ്പെട്ടതും, സ്വന്തം സഹോദരനെ അടിച്ച് താഴെ ഇടുക മാത്രമല്ല കഴുത്തിൽ അമർത്തി മരണത്തിന്റെ തൊട്ടടുത്ത് വരെ എത്തിക്കുകയും ചെയ്ത സംഭവം ഈ ലേഖകന്റെ കൗൺസലിംഗ് സെന്ററിൽ വിവരിക്കപ്പെട്ടപ്പോൾ, രണ്ട് സംഭവങ്ങളിലും പ്രതിസ്ഥാനത്ത് കൗമാരക്കാരായിരുന്നു എന്നത് ഈ പശ്ചാത്തലത്തിൽ സ്മരിക്കുന്നു.

നശീകരണവും ക്രൂരതയും മനസ്സിൽ നിറയ്ക്കുന്ന ഗെയിം കളിക്കുമ്പോൾ സഭയിലെ ആത്മീയ പ്രബോധനങ്ങളിൽ നിന്നും സൺഡേ സ്കൂളിൽ നിന്നും മറ്റും കിട്ടിയ ആത്മികതയുടെ പ്രകാശനങ്ങൾ ഒന്നൊന്നായി അവസാനിക്കുകയാണ് ചെയ്യുക. ഇത്തരം ഗെയിമുകൾ കൂട്ടായിട്ടാണ് കളിക്കുന്നത് എന്നതിനാൽ ഗെയിമിനിടയ്ക്ക് അവർ സംസാരിക്കുന്ന പദങ്ങൾ അശ്ലീലവും ആയിരിക്കും. മറ്റുള്ളവരെ കൊല്ലാൻ ഒരുമ്പെട്ടിറങ്ങുന്നവന്റെ വായിൽ നിന്നും വരുന്ന വാക്കുകൾ സഭ്യമല്ലാത്തത് ആയിരിക്കും. നമ്മുടെ തലമുറയ്ക്ക് ഇന്നുവരെ പരിചയമില്ലാത്ത അസഭ്യങ്ങൾ എല്ലാം ഗെയിമുകളിൽ അവർക്ക് കേൾക്കാം. ഇതായിരിക്കും നാളെ കൂട്ടുകാരോട് ദേഷ്യപ്പെടുമ്പോൾ അവരിൽ നിന്ന് പുറപ്പെടുന്നതും. എല്ലാ ഇന്റർനെറ്റ് ഗെയിമിന്റെയും പ്രത്യേകത അത് വല്ലാത്ത അഡിക്ഷനുണ്ടാക്കുന്നു എന്നതാണ്. നശീകരണത്തിന്റെ ഗെയിം കളിക്കുന്നവർ മുഖാന്തരം മറ്റുള്ളവർക്ക് ഉണ്ടാകുന്ന നഷ്ടം അതിഭീമമാണെങ്കിൽ അതിനനുസരിച്ച് പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. അതാണ് ഈ ഗെയിമിനോട് അഭിനിവേശം വർദ്ധിപ്പിക്കുന്ന ഘടകം. അങ്ങനെ പ്രതിഫലം കിട്ടി ഉയർന്ന പദവി ലഭിക്കാൻ കഴിയാത്തവർ, ഇല്ലാത്ത പണം എവിടെ നിന്നെങ്കിലും കണ്ടെത്തി, പണം മുടക്കി ഉയർന്ന പദവികളും ആയുധങ്ങളും വാങ്ങാൻ പരിശ്രമിക്കും. അങ്ങനെയാണ് ഇത് കളിക്കുന്ന കുട്ടികൾ മാതാപിതാക്കൾ അറിയാതെ ബാങ്കിലെ പൈസ, എടിഎം കാർഡ് ഉപയോഗപ്പെടുത്തി

**നശീകരണവും ക്രൂരതയും മനസ്സിൽ നിറയ്ക്കുന്ന ഗെയിം കളിക്കുമ്പോൾ സഭയിലെ ആത്മീയ പ്രബോധനങ്ങളിൽ നിന്നും സൺഡേസ്കൂളിൽ നിന്നും മറ്റും കിട്ടിയ ആത്മികതയുടെ പ്രകാശനങ്ങൾ ഒന്നൊന്നായി അവസാനിക്കുകയാണ് ചെയ്യുക.**

പിൻവലിക്കുന്നത്. ജോലി ചെയ്യുന്ന പല ചെറുപ്പക്കാരും കിട്ടുന്ന ശമ്പളത്തിന്റെ നല്ലൊരു വിഹിതം ഇങ്ങനെ കളിച്ചു കളയുന്ന കാഴ്ച വേദനാജനകമാണ്.

ഇത്തരം കളികളിൽ രാവും പകലും മുഴുകിയിരിക്കുന്നവർക്ക് സ്വാഭാവികമായും വീട്ടിൽ താമസിക്കുന്ന മറ്റുള്ളവരോട് സംസർഗ്ഗത്തിനു സമയം ഉണ്ടാകില്ല. വീട്ടിലെ അംഗങ്ങളോടൊപ്പം ഭക്ഷണം കഴിക്കാനും ഉല്ലസിക്കാനും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാനും അവർക്ക് തീർത്തും താല്പര്യം കാണില്ല. ഊണും ഉറക്കവും കളഞ്ഞ് ഈ കളിയിൽ മുഴുകുന്നവരെ മറ്റെന്തെങ്കിലും കാര്യത്തിന് വിളിച്ചാൽ ദേഷ്യവും നശീകരണപ്രവണതയും ആയിരിക്കും പ്രതികരണം. ഹോംവർക്ക് ചെയ്യാനും ഓൺലൈൻ ക്ലാസിൽ ഇരിക്കാനും അവർക്ക് തീർത്തും താല്പര്യവും കാണില്ല. നന്നായി പഠിച്ചുകൊണ്ടിരുന്ന പല കുട്ടികളും ഇന്ന് പഠനം പാടെ നശിപ്പിച്ച് ഇത്തരം ഗെയിമിന്റെ പിറകെ പോയത് നമ്മുടെ ചുറ്റുവട്ടത്തെ പല വീടുകളുടെയും അവസ്ഥയാണ്.

എങ്ങനെ ഇവർക്ക് ഒരു മാറ്റം കൊണ്ടുവരാം എന്നത് നന്നായി ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. ഇത്തരം കളികളിലേക്ക് മക്കൾ വഴുതി വീഴുന്നത് ആദ്യദിവസങ്ങളിൽ തന്നെ കണ്ടെത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. വലിയ അളവിൽ അടിമത്തം സംഭവിക്കുന്നതിന് മുമ്പുതന്നെ മാതാപിതാക്കൾ അവരുടെ മുമ്പിൽ നിയന്ത്രണങ്ങൾ വയ്ക്കുകയും ഇത്തരം കളികൾ അനുവദിക്കാതിരിക്കുകയും ചെയ്യുക. ഇത്തരം ഗെയിമിന് വല്ലാതെ അടിമപ്പെട്ട മക്കളിൽ നിന്നും ഒരു ദിവസം പെട്ടെന്ന് ഫോൺ മേടിച്ചു വയ്ക്കുകയും ഒരു നിമിഷംകൊണ്ട് സർവ സ്വാതന്ത്ര്യങ്ങളും എടുത്തു കളയുകയും ചെയ്താൽ, അവർ അതിനോട്

പ്രതികരിക്കുന്നത് വളരെ പൈശാചികമായിട്ടായിരിക്കും. അത്തരം പല കേസുകളിലും ആത്മഹത്യാ പ്രവണതകൾ സർവ്വസാധാരണമാണ്.

അതുകൊണ്ട് അവരോടൊപ്പമിരുന്ന്, സമയമെടുത്ത് സ്നേഹത്തോടെ ഇതിന്റെ വരുംവരായ്കകൾ പറഞ്ഞു ബോധ്യപ്പെടുത്തി കൊടുക്കുക എന്നതാണ് അഭികാമ്യം. മാതാപിതാക്കൾക്ക് സമയമില്ലാത്തതുകൊണ്ട് കുട്ടികളെ അവരുടെ സ്വന്തവഴിക്ക് വിട്ടിരിക്കുന്ന അവസ്ഥയിൽ നിന്നാണ് അവർക്ക് കളിയുടെ ആസക്തി ഉണ്ടാവാൻ സാഹചര്യം ഒരുങ്ങിയതെങ്കിൽ, മാതാപിതാക്കൾ അവർ ആഗ്രഹിക്കുന്ന രീതിയിൽ സ്നേഹവും കരുതലും സമയവും നൽകുക. അങ്ങനെയാകുമ്പോൾ ക്രമേണ അവരെ രക്ഷിക്കുവാൻ കഴിയും.

കുട്ടികളെ വളർത്തുമ്പോൾ അവർക്ക് സ്നേഹവും കരുതലും സംരക്ഷണവും കൊടുക്കുന്ന അതേ അളവിൽ, ശാസനയും ശിക്ഷണവും നൽകാൻ കഴിയണം. മാതാപിതാക്കൾ ഇരുവരും ചേർന്ന് വളർത്താൻ കഴിയാത്ത സാഹചര്യം (സിംഗിൾ പേരന്റിംഗ്), അതുപോലെ ആണും പെണ്ണും ആയി ഒരു കുട്ടി മാത്രമേ ഉള്ളൂ എന്ന സാഹചര്യം, ഭർത്താവിൽ നിന്ന് പ്രതീക്ഷിക്കുന്ന സ്നേഹവും കരുതലും ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ അമ്മ ഒരു കുട്ടിയോടു മാത്രം കാണിക്കുന്ന അമിത ലാളനയും പറ്റിച്ചേരലും, എന്തെങ്കിലും രോഗത്തിന്റെയോ അപകടത്തിന്റെയോ പശ്ചാത്തലത്തിൽ കുട്ടിക്ക് അമിതമായി സ്നേഹം നൽകി, വിഷമിപ്പിക്കാതെ വളർത്താൻ ശ്രമിക്കുക, അമ്മയ്ക്ക് ചെറുപ്പത്തിൽ ആഗ്രഹിച്ച സ്നേഹം ലഭിച്ചില്ല എന്നതിന് പകരമായി കുട്ടിക്കു അമിത പരിപാലനം നൽകുക എന്നിങ്ങനെയുള്ള സാഹചര്യങ്ങളിൽ വളർത്തപ്പെടുന്ന കുട്ടികൾ തോന്നിയ വഴികളിൽ സഞ്ചരിക്കുക സ്വാഭാവികമാണ്. കൗമാരത്തിൽ എത്തുമ്പോഴേക്കും അവരുടെ മേലുള്ള സർവ്വ നിയന്ത്രണങ്ങളും മാതാപിതാക്കളിൽ നിന്നും നഷ്ടമാകും. ഇത്തരം പശ്ചാത്തലത്തിൽ വളർന്ന കുട്ടികളെ ഇങ്ങനെയുള്ള അപകടകരമായ ആസക്തികളിൽ നിന്നും രക്ഷിക്കുക ഏറെ ദുഷ്കരമാണ്.

എന്നാൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു കൗൺസലർക്ക് ക്രമീകൃതമായ ഇടപെടൽ നടത്തി, ഇത്തരം കുട്ടികളിൽ പലരെയും രക്ഷിക്കുവാൻ സാധിക്കും. നമ്മുടെ തലമുറയിൽ നല്ലൊരു പങ്കിനെയും നശിപ്പിച്ച് കളയുന്ന ഓൺലൈൻ ഗെയിമുകളിൽ നിന്ന് അവരെ കരകയറ്റാൻ, സഭാപരമായും സംഘടനാപരമായും ചിട്ടയായ ബോധവൽക്കരണ ക്ലാസുകൾ അനിവാര്യമാണ്. പിശാച് ഇന്നത്തെ തലമുറയെ വഴിതെറ്റിക്കാൻ കിണഞ്ഞു പരിശ്രമിക്കുമ്പോൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മാതാപിതാക്കൾ എഴുന്നേൽക്കട്ടെ. അവരെ ദൈവഭയത്തിലും ആത്മീയതയിലും ശിക്ഷണത്തിലും വളർത്തിയാൽ ദുഷ്പ്രവണതകളിലേക്ക് ചായുന്ന ഘട്ടത്തിൽത്തന്നെ അവരെ കൈപിടിച്ചു കയറ്റുവാൻ മാതാപിതാക്കൾക്ക് കഴിയും. ആ ഉത്തരവാദിത്തം ഈ അന്ത്യകാലത്തിന്റെ നിയോഗമാണ്. •

പേജ് 14 ൽ നിന്ന്... ക്രിസ്തുവല്ലാതെ മറ്റൊരു വഴിയില്ല

ആത്മാവിനെ സ്പർശിക്കുന്ന ഈ ചോദ്യം ഹൃദയത്തിൽ മുഴങ്ങട്ടെ! ഈ ചോദ്യത്തിന്റെ ഉത്തരമാണ് ആത്മീയജീവിതത്തിന്റെ ദിശ നിശ്ചയിക്കുന്നത്. പ്രഥമ പരിഗണന ക്രിസ്തുവിനാണെങ്കിൽ മറ്റെല്ലാം പിമ്പിലേക്കു തള്ളപ്പെടും. ക്രിസ്തുവിനെ നേടുന്നത് ജീവിതലക്ഷ്യമാണെങ്കിൽ, ജീവിതം അർത്ഥപൂർണ്ണമായിരിക്കും. ജീവിതം ക്രിസ്തുകേന്ദ്രീകൃതമാകുമ്പോൾ, അതായത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ഉള്ളിൽ നിറയുമ്പോൾ ഇപ്പോൾ അനുഭവപ്പെടുന്ന ശൂന്യത ഇല്ലാതാകും. ജീവിതാവസാനത്തിൽ നശ്വരനേട്ടങ്ങളല്ല , ക്രിസ്തുവിനോടുള്ള ബന്ധമാണ് നമ്മെ നിർവ്വചിക്കുന്നത്.

കർതൃസന്നിധിയിലേക്ക് ധൈര്യത്തോടെ കടന്നുചെന്നാൽ മാന്ദ്യം മാറി ഉത്സാഹം ലഭ്യമാകും. ദൈവിക വെളിപ്പാടിനാൽ ആശയക്കുഴപ്പങ്ങൾ ഇല്ലാതാകും. ആത്മാവിൽ സമൃദ്ധിയായ ജീവൻ പ്രാപ്യമാകും. ആ കൂട്ടായ്മയിലൂടെ മാത്രം മനുഷ്യൻ തന്റെ സ്രഷ്ടാവിനെ ആഴത്തിലറിഞ്ഞ് ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും തിരിച്ചറിയും. ലോകവും അതിന്റെ മോഹ വും ഒഴിഞ്ഞു പോവുകയും, അന്യശബ്ദങ്ങൾ നിലയ്ക്കുകയും, ചിന്താക്കുഴപ്പങ്ങൾ പോയ്മറയുകയും ചെയ്യുമ്പോൾ പരമസത്യമായ ക്രിസ്തുവിലൂടെയല്ലാതെ മറ്റൊരു വഴി എവിടെയുമില്ല എന്ന സത്യം മാത്രം നിലനിൽക്കും. •





സുജ വിനു

# കണ്ടതും കേട്ടതും തൊട്ടതും

'ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ച്' എന്ന് യോഹന്നാൻ എഴുതിയത് തന്റെ ഒന്നാം ലേഖനത്തിൽ നാം വായിക്കുന്നു. യോഹന്നാൻ എന്താണ് കാണുകയും കേൾക്കുകയും തൊടുകയും ചെയ്തതെന്നും, എന്തിനാണ് അവയൊക്കെ എഴുതി അറിയിക്കുന്നത് എന്നും പിൻവരുന്ന വരികളിൽ വായിക്കാം.

'ദൈവം വെളിച്ചം ആകുന്നു അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളത് ഞങ്ങൾ അവനോട് കേട്ടു...അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു... ഒരുത്തൻ പാപം ചെയ്തു പോയാൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്.. അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു...' എന്നിങ്ങനെ വെളിച്ചമായ ദൈവവുമായുള്ള കണ്ടുമുട്ടലിലൂടെ യോഹന്നാൻ കേട്ടറിഞ്ഞ, അനുഭവിച്ച വസ്തുതകളുടെ വിവരണം ആണ് അദ്ദേഹത്തിന്റെ ലേഖനങ്ങളും, സുവിശേഷവും, വെളിപ്പാട് പുസ്തകവും. ആകുലവും അസ്വസ്ഥവുമായ മനുഷ്യമനസ്സിന്റെ അന്ധതമസ്സിനു മേൽ ഉദിച്ചുയർന്ന ക്രിസ്തുവെന്ന നീതിസൂര്യന്റെ പ്രകാശത്തെ അറിയുമ്പോൾ ഉണ്ടാകുന്ന പ്രത്യാശയുടെ സാക്ഷ്യം.

വേദപുസ്തകത്തിൽ ദൈവം ആദ്യം ഉച്ചരിക്കുന്ന പദമാണ് വെളിച്ചം. 'വെളിച്ചം ഉണ്ടാകട്ടെ' എന്ന കൽപ്പനയാൽ സാക്ഷാത്കരിക്കപ്പെടുന്ന വെളിച്ചം ദൈവം തന്നെയാണ്. നാലാം ദിവസം വെളിച്ചഗോളങ്ങൾ ആയി സൃഷ്ടിക്കപ്പെടുന്ന സൂര്യചന്ദ്രന്മാർക്ക് മുമ്പുള്ള വെളിച്ചം. ഇതേ വെളിച്ചത്തെ വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ പിന്നെയും പരാമർശിക്കുന്നു. 'ഇനി രാത്രി ഉണ്ടാവുകയില്ല, ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നത് കൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ ഇനി അവർക്കാവശ്യമില്ല (വെളിപ്പാട് 22 :5). അനാദിയായ ഈ വെളിച്ചത്തിന്റെ കാഴ്ചയെ, അവന്റെ തേജസ്സിനെ, പിതാവിൽ നിന്നുള്ള ഏകജാതന്റെ തേജസ്സായി കണ്ടു എന്ന് സുവിശേഷത്തിലും യോഹന്നാൻ എഴുതുന്നു.

ക്രിസ്തുവെന്ന വെളിച്ചത്തെ കാണുകയും കേൾക്കുകയും തൊടുകയും ചെയ്തതിനാലാണ് ആഴമേറിയ ദൈവീക മർമ്മങ്ങളെ പ്രസ്താവിക്കാൻ തക്കവണ്ണം യോഹന്നാൻ നിയോഗിതനാകുന്നത്. ആ ക്രിസ്തുവിനോട് കൂട്ടായ്മ ഉണ്ടാകുവാനും അതേ വെളിച്ചത്തെ

കണ്ടും കേട്ടും അറിയുവാനും അങ്ങനെ നമ്മുടെ സന്തോഷം പൂർണ്ണമാകുവാനും വേണ്ടിയാണ് യോഹന്നാൻ എഴുതുന്നത്.

താൻ അടുത്തറിഞ്ഞ യാഥാർത്ഥ്യങ്ങളാണ് എഴുതുന്നത് എന്ന് യോഹന്നാൻ മാത്രമല്ല പറയുന്നത്. 2 പത്രോസ് 1:16 ൽ ഇങ്ങനെ വായിക്കുന്നു, 'യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷികളായി തീർന്നിട്ടത്രേ. 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നുള്ള ശബ്ദം അതിശ്രേഷ്ഠ തേജസ്സിൽ നിന്ന് വന്നപ്പോൾ പിതാവായ ദൈവത്താൽ അവന് തേജസ്സും മാനവും ലഭിച്ചു'. ഇവിടെയും തേജസ്സിന്റെ അതായത് വെളിച്ചത്തിന്റെ കാഴ്ചയും സത്യത്തിന്റെ കേൾവിയും ഉണ്ടാകുന്നു. നേരം വെളുക്കുകയും ഉദയനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുവോളം ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് പോലെ... (2പത്രോസ് 1:19,20) ഈ വെളിച്ചത്തെ ഹൃദയത്തിൽ കരുതിക്കൊള്ളണമെന്നും പത്രോസ് എഴുതുന്നു.

കേവലം ഒരു ബാല്യക്കാരിയുടെ മുന്നിൽ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ്, ജനസഹസ്രങ്ങളെ നോക്കി 'നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചുകൊന്നു, ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർപ്പിച്ചു' എന്ന് നിർഭയം സാക്ഷ്യം വഹിക്കുന്നത് ഈ കണ്ടുമുട്ടലിൽ നിന്നാണ്. കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുമ്പോൾ വെളിപ്പെട്ടുവരുന്ന 'ക്രിസ്തുമർമ്മങ്ങളുടെ' നേർസാക്ഷ്യം. ഈ കാണുന്നതെല്ലാം കത്തി ഉരുകി ഇല്ലാതാകുന്ന നിഷ്ഫല പദാർത്ഥങ്ങൾ, നിലനിൽക്കുന്നത് ഒന്നുമാത്രം. ക്രിസ്തുവിന്റെ മഹിമയിലുള്ള പ്രത്യാശ എന്നുറച്ചുള്ള സാക്ഷ്യം. യഥാർത്ഥമായി ക്രിസ്തുവുമായി കണ്ടുമുട്ടൽ സംഭവിക്കുന്ന ഏതൊരു വ്യക്തിയിലും ഉളവാകുന്നത് ഈ സാക്ഷ്യമാണ്. സാക്ഷ്യം എന്ന പദത്തിന് ഇന്നത്തെ മഹായോഗങ്ങളിൽ വന്നു ഭവിച്ചിട്ടുള്ള അർത്ഥവ്യതിയാനങ്ങൾ നമ്മെ സത്യത്തിൽ നിന്ന് അകറ്റിക്കളയാതിരിക്കട്ടെ.

ക്രിസ്തുവിന്റെ കൂടെ നടക്കുകയും തന്റെ മാർവ്വിൽ ചാരിക്കിടക്കുകയും ചെയ്ത ശിഷ്യന്മാർക്കു മാത്രം ലഭിക്കുന്ന പ്രത്യേക പദവിയും അവകാശവും ഒന്നുമല്ല ഈ കണ്ടുമുട്ടലും തൽഫല

**സാക്ഷ്യം എന്ന പദത്തിന് ഇന്നത്തെ മഹായോഗങ്ങളിൽ വന്നുഭവിച്ചിട്ടുള്ള അർത്ഥ വ്യതിയാനങ്ങൾ നമ്മെ സത്യത്തിൽ നിന്ന് അകറ്റിക്കളയാതിരിക്കട്ടെ.**

മായി ഉളവാകുന്ന സാക്ഷ്യവുമെന്ന് വേദപുസ്തകം തന്നെ കാണിച്ചുതരുന്നു. ശമര്യക്കാരി, പേരുപോലും പരാമർശിക്കാത്ത ഒരു പതിത സ്ത്രീയാണ് ആ ഭാഗ്യവതി. അവളുടെ ജനനദേശം പോലും വെളിച്ചവും വെളിപ്പാടും നിഷേധിക്കപ്പെട്ടതായിരുന്നു. അവളുടെ ജീവിതത്തിന്റെ അയോഗ്യാവസ്ഥകൾ പ്രതിപാദിക്കേണ്ടതുമില്ല. പരിഹാസികളെ ഭയന്ന് നട്ടുച്ച നേരത്ത് ഏകാകിനിയായി വെള്ളം കോരുവാൻ വന്നവൾ തിരിച്ചുചെന്ന് സാക്ഷ്യം പറയുന്നത് ഒരു പട്ടണത്തോടു മുഴുവനും ആണ്. 'ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ' എന്നാണ് അവൾ പറയുന്നത്. എന്നെ കണ്ട ഒരുവനെ കണ്ടുമുട്ടിയതിന്റെ സാക്ഷ്യം 'വന്നുകാണുവിൻ' എന്ന് താൻ കണ്ട, താൻ കേട്ട ആ സത്യത്തിലേക്ക് ധീരതയോടെ അവൾ ദേശവാസികളെ വിളിക്കുന്നു. അവൾ കണ്ടത്, കേട്ടത് അറിഞ്ഞത് 'നീ നിമിത്തമല്ല', ഞങ്ങൾ തന്നെ കേൾക്കയാൽ നേരിട്ടു കേട്ടറിഞ്ഞിരിക്കുന്നു എന്ന വലിയ സാക്ഷ്യത്തെ ജനിപ്പിക്കുന്നു.

ഇവിടെ പരാമർശിച്ച മൂന്നുപേരും ക്രിസ്തുവിന്റെ സമകാലികരായിരുന്നതിനാൽ അവർക്ക് കണ്ടുമുട്ടാൻ എളുപ്പമായിരുന്നു എന്ന് ബാലിശമായ മറുതലിപ്പ് മനസ്സുകളിൽ ഉയരുന്നുവെങ്കിൽ, പൗലോസ് ക്രിസ്തുവിനെ കണ്ടുമുട്ടുന്നത് മരണ പുനരുത്ഥാനങ്ങൾക്ക് ശേഷം ആയിരുന്നു എന്ന് ഓർക്കുക. പെട്ടെന്ന് ആകാശത്തുനിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി.... പറയുന്ന ഒരു ശബ്ദം കേട്ടു (അപ്പോസ്തല പ്രവർത്തികൾ 9:3,4). ഇവിടെ സംഭവിക്കുന്ന കാഴ്ചയുടെയും കേൾവിയുടെയും അനന്തരഫലങ്ങൾ 'ലോകത്തെ കീഴ്മേൽ മറിച്ചതായി' നാം അറിയുന്നവല്ലോ. താൻ

തള്ളിപ്പറഞ്ഞ ക്രിസ്തുവിനെ മശിഹാ എന്ന് സ്ഥാപിച്ചുകൊണ്ട് ദൈവീകമർമ്മങ്ങളുടെ ഏറ്റവും വലിയ പ്രചാരകനായി മാറി പൗലോസ്.

ക്രിസ്തുവിനെ കാണുകയും കേൾക്കുകയും അറിയുകയും ചെയ്തവർ അവനെ സാക്ഷീകരിക്കും. എന്നാൽ ക്രിസ്തുവിന്റെ സാക്ഷ്യം പറയുന്നവർ എത്രത്തോളം ക്രിസ്തുവിനെ അറിയുന്നു എന്നത് ഇന്ന് പ്രസക്തമായ ചോദ്യമാണ്. ആദ്യ നൂറ്റാണ്ടിൽ മാത്രമല്ല ഇന്നും ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർ, ആ പ്രഭാവലയത്തെ നേരിട്ടറിയുന്നവർ അനവധിയാണ്. സാധു സുന്ദർ സിംഗിന്റെ മുറിയിൽ പ്രത്യക്ഷപ്പെട്ട തേജോമയനായ ക്രിസ്തു, തന്റെ വെളിച്ചത്തെ സുന്ദർസിംഗിൽ പകർന്ന്, തന്റെ പ്രകാശവാഹകൻ ആക്കി പരിണമിപ്പിക്കുന്നു. ഈ കാഴ്ചയ്ക്ക് ഒരു പ്രത്യേകതയുണ്ട്. അത് കാലങ്ങൾക്കും സ്ഥലങ്ങൾക്കും അതീതമാണെന്ന് മാത്രമല്ല എല്ലാവിധ ഭൗമിക പരിമിതികൾക്കും അപ്പുറമാണ്.

അന്ധയായ ഫാനിക്രോസ്ബി ക്രിസ്തുവിന്റെ മുഖപ്രകാശത്തെ സദാ മുന്നിൽ വെച്ചുകൊണ്ട് ജീവിച്ചത് ഈ കാഴ്ചയാലാണ്. നട്ടെല്ല് തകർന്ന് കഴുത്തിന് താഴെ ചലനശേഷി നഷ്ടപ്പെട്ട ജോനി എറിക്സൺ റ്റാഡ, ക്രിസ്തുവിനോട് ചേർന്നുനടക്കുന്നവളായി ലോകം മുഴുവൻ എത്തുന്നത് ഈ കണ്ടുമുട്ടലിൽ നിന്നാണ്. അനേകം അവിശ്വാസികൾ ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ച് ആഴത്തിൽ ആനന്ദത്തോടെ പ്രസ്താവിക്കുന്ന വിശ്വാസികളായി മാറുന്നത് ഈ കണ്ടുമുട്ടലിൽ നിന്നാണ്. കഴിഞ്ഞ ദിവസങ്ങളിൽ കേൾക്കാനിടയായ, കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ ക്രിസ്തുവിനെ ഉയർത്തുന്ന ശബ്ദമായ ജയധരൻ എന്ന വ്യക്തിയുടെ സാക്ഷ്യം. ഇന്ന് 15 ഏപ്രിൽ 2026 രാവിലെ കണ്ടുമുട്ടിയ ഓട്ടോറിക്ഷ ഡ്രൈവർ വിശ്വനാഥന്റെ സാക്ഷ്യം. തന്റെ അച്ഛൻ ഒരു വിഗ്രഹ നിർമ്മാതാവ് ആയിരുന്നു. തലേന്ന് അച്ഛൻ ഉണ്ടാക്കിയ വിഗ്രഹങ്ങൾക്ക് മുമ്പിൽ, പിറ്റേന്ന് പോയി കുമ്പിടുന്നതിന്റെ പൊരുൾ ഇല്ലായ്മ എന്ന തിരിച്ചറിവിലൂടെ വിശ്വാസത്തിലേക്ക് വന്ന വ്യക്തി. തന്റെ ഓട്ടോറിക്ഷയിൽ എഴുതി വച്ചിരിക്കുന്നു: 'ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ രക്ഷിക്കപ്പെടുവാൻ യേശു അല്ലാതെ മറ്റൊരു നാമവും ഇല്ല'.

പ്രിയരേ, എന്റെ ക്രിസ്തുസാക്ഷ്യം എന്താണ്? ഞാൻ കണ്ടതും കേട്ടതും അറിഞ്ഞതുമായ ക്രിസ്തു എന്ന വെളിച്ചത്തിന്റെ സാക്ഷ്യമാണോ? അതോ, രോഗം മാറ്റിയ, കടഭാരം മാറ്റിയ, വിവാഹം നടത്തിയ, ക്രിസ്തുവിന്റെ സാക്ഷ്യമോ? പാരമ്പര്യം പറയുന്നവരും അല്ലാത്തവരുമായ നമുക്ക് ചിന്തിക്കാം. എന്റെ ജീവിതത്തെ 'അവന്റെ മഹിമ കണ്ട സാക്ഷിയായി പരിവർത്തിപ്പിക്കണമേ' എന്ന പ്രാർത്ഥനയോടെ നമുക്ക് ഓരോരുത്തർക്കും തിരുസന്നിധിയിൽ മുട്ടുമടക്കാം... ആമേൻ. •

# സാക്ഷ്യജീവിതത്തിന്റെ മൗനപ്രഖ്യാപനങ്ങൾ

മനുഷ്യരോട് നിശ്ശബ്ദഭാഷയിൽ സംസാരിക്കുന്ന ഒന്നാണ് സാക്ഷ്യജീവിതം. അത് പ്രസംഗങ്ങളാലോ പ്രഖ്യാപനങ്ങളാലോ മാത്രം ഉളവാകുന്നതല്ല. മറിച്ച്, വചനം വിശ്വസിക്കുമ്പോൾ പ്രയോഗികമാക്കുന്ന അനുസരണത്താലും, ഹൃദയശുദ്ധിയോടു കൂടിയ ഇടപെടലുകളാലും ഉരുത്തിരിയുന്നതാണ്. മനുഷ്യൻ പറയുന്ന വാക്കുകളേക്കാൾ അവന്റെ പ്രവൃത്തികൾ തന്നെയാണ് അവന്റെ വിശ്വാസത്തെ പ്രഖ്യാപിക്കുന്നത്. സാധുക്കൾക്ക് നേരെ അനുകമ്പയോടെ കൈ തുറക്കുന്നത്, വേദനിപ്പിച്ചവരോട് ക്ഷമയോടെ പെരുമാറുന്നത്, എന്തുവന്നാലും സത്യത്തിനായി ഉറച്ചുനിൽക്കുന്ന ഒരു മനസ്സ്, ഇവയൊക്കെയാണ് സാക്ഷ്യജീവിതത്തിന്റെ മൗനപ്രഖ്യാപനങ്ങൾ. അവ ലോകത്തെ സ്വാധീനിക്കുന്നു. വെളിച്ചംപോലെ ജീവിതപാതകളെ പ്രകാശിപ്പിക്കുന്നു. സാക്ഷ്യജീവിതം ഉള്ളിലെ രൂപാന്തരത്തിന്റെ പ്രതിഫലനമാണ്. ഹൃദയം ദൈവസ്നേഹത്താൽ തുളുമ്പുമ്പോൾ, ആ സ്നേഹം പ്രവൃത്തികളിലൂടെ പുറത്തേക്കൊഴുകി സാക്ഷ്യജീവിതത്തിന്റെ ബഹിർസ്ഫുരണമായി മാറുന്നു. ഓരോ ഇടപെടലും ദിവ്യസാന്നിധ്യത്തിന്റെ സ്പർശമായി അനുഭവപ്പെടുന്നു. അത്തരമൊരു ജീവിതത്തിൽ കാപട്യത്തിനോ അഭിനയത്തിനോ ഇടമില്ല. അവിടെ സത്യവും സ്നേഹവും മാത്രം വാഴുന്നു. നിശ്ശബ്ദമായെങ്കിലും അനന്തമായ പ്രകാശം പകരുന്ന ഒരു ജീവിതം ആയിരിക്കട്ടെ നാം ഓരോരുത്തരുടെയും... •



ചാൾസ് സ്പർജൻ

# ജീവനിലേക്കുള്ള മാനസാന്തരം

***ആ**കയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമു ക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എ ങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ? അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു. അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തി ക്കായി മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്ത്വപ്പെടു ത്തി (പ്രവൃത്തികൾ 11:17,18)* എന്ന വചനത്തിൽ അടങ്ങിയിരിക്കുന്ന സന്ദേശം വളരെ വിശാലവും ആത്മീയജീവിതത്തെ സ്പർശിക്കുന്നതുമാണ്. ഇത് കേവ ലം ഒരു ആത്മീയ അനുഭവം എന്ന നിലയിലല്ല, മറിച്ച് ദൈവകൃപ മനുഷ്യജീ വിതത്തിൽ എങ്ങനെ വ്യാപരിക്കുന്നു എന്നതിന്റെ പ്രഖ്യാപനമാണ്.

**മാനസാന്തരത്തിന്റെ വ്യാപ്തി:**

ആദ്യകാല ക്രിസ്ത്യാനികളിൽ ചിലർ യഹൂദമതത്തിന്റെ ചിന്താധാരയിൽ തുടരുന്നതിൽ അതീവ തല്പരരായിരുന്നു. രക്ഷ യഹൂദർക്കു മാത്രം ആണ് ദൈവം നൽകുന്നതെന്നായിരുന്നു അവർ ഗ്രഹിച്ചിരുന്നത്. എന്നാൽ ദൈവം പത്രോസിന് നൽകിയ ദർശനവും, വിജാതീയരുടെ ഇടയിലുള്ള സുവിശേഷപ്ര വർത്തനവും, അപ്പോഴനുഭവപ്പെട്ട പരിശുദ്ധാത്മപ്പകർച്ചയും ഈ ചിന്താഗതിയെ തകർത്തു. ഇത് ഒരു വലിയ ആത്മീയ മാറ്റത്തിന്റെ തുടക്കമായിരുന്നു. രക്ഷ ഒ രു വിഭാഗത്തിന് മാത്രമല്ല പ്രത്യുത, സകലജനതകൾക്കുമായി ദൈവം ഒരുക്കി യതാണെന്നു തെളിയിച്ച ഈ സംഭവമാണ് ചിന്തയുടെ പശ്ചാത്തലം.

'ജീവപ്രാപ്തിക്കായുള്ള മാനസാന്തരം' എന്നതിന്റെ യഥാർത്ഥ അർത്ഥം എ ന്താണ്? സാധാരണയായി മാനസാന്തരം എന്നത് 'തെറ്റു ചെയ്തതിൽ ഖേദി ക്കുന്നതു മാത്രമാണെന്ന്' പലരും കരുതുന്നു. എന്നാൽ ഇത്രയുംകൊണ്ട് മാ ത്രം മാനസാന്തരത്തെ പരിമിതപ്പെടുത്താനാവില്ല. നാം ധ്യാനിക്കുന്നത് അ തിനേക്കാൾ ആഴമേറിയ അർത്ഥതലങ്ങളിലാണ്. 'ജീവനിലേക്കുള്ള മാനസാ ന്തരം' എന്നത്, പരിശുദ്ധാത്മാവിനാലും തിരുവചനത്താലും ഉളവാകുന്ന വീ ണ്ടുംജനനം എന്ന ദൈവിക പ്രവൃത്തിയിലേക്കാണ് വഴി നടത്തുന്നത്. പാപ ത്തിൽ മരിച്ചവരായിരുന്ന മനുഷ്യരെ ഉയിർത്തെഴുന്നേല്പിച്ച് ആത്മീയമായി ഉ ണർത്തി സ്വർഗ്ഗത്തിൽ ഇരുത്തുന്ന അനുഭവത്തിലേക്കാണ് 'നിത്യ ജീവങ്കലേക്കു

ള്ള മാനസാന്തരം' നയിക്കുന്നത്. അതായത് ദൈവത്തിങ്കലേക്ക് സമ്പൂർണ്ണമായി മനംതിരിയുന്ന രൂപാന്തര അനുഭവം. ഇത് കേവലം ബാഹ്യമായ ഒരു മാറ്റമല്ല, ഉള്ളിലുള്ള പരിവർത്തനമാണ്. മനുഷ്യന്റെ ജഡപ്രകാരമുള്ള, ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ, ഇഷ്ടങ്ങൾ, നിരൂപണങ്ങൾ, സ്വപ്നങ്ങൾ എല്ലാം പിഴുതു മാറ്റി ദൈവഹിതത്തിനായി പൂർണ്ണമായി സമർപ്പിക്കപ്പെടുന്ന ആത്മീയ അനുഭവം. പാപത്തിന്റെ അന്ധകാരപൂരിതമായ ലോകത്തിൽ നിന്ന് ക്രിസ്തുവിന്റെ അത്ഭുത പ്രകാശത്തിലേക്ക് നമ്മെ നയിക്കുന്ന മഹത്തായ അനുഭവമാണ് ഇതിനാൽ ലഭ്യമാകുന്നത്.

ആത്മാവിന്റെ രക്ഷ പ്രാപിച്ചവരിൽ മാനസാന്തരത്തിന്റെ ഒരു തുടർപ്രക്രിയ ഉണ്ട്. ഇതിലൂടെ പ്രാണന്റെ അഥവാ ദേഹിയുടെ വിശുദ്ധീകരണം സാധ്യമാകുന്നു. വെളിപ്പാട് പുസ്തകത്തിൽ സഭകളോടുള്ള ദൂതിൽ അവരുടെ വീഴ്ചകൾ ചൂണ്ടിക്കാട്ടി മാനസാന്തരത്തിനുള്ള ആഹ്വാനം കാണുന്നു. മാനസാന്തരം വിശുദ്ധീകരണത്തിനും ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വം അഥവാ തേജസ്ക്കരണത്തിനും ആത്യന്തികമായി വഴിയൊരുക്കുന്നു.

വചനാനുസരണമല്ലാത്ത മാനസാന്തരം തെറ്റായതിനാൽ ദൈവത്തിനു സ്വീകാര്യമല്ലെന്നും കൃത്യമായി നാം മനസ്സിലാക്കിയിരിക്കണം. പലരും തങ്ങൾ മാനസാന്തരപ്പെട്ടു എന്ന് കരുതുമ്പോഴും യഥാർത്ഥത്തിൽ അത് സംഭവിച്ചിട്ടില്ല എന്ന് അവരുടെ ജീവിതം വ്യക്തമാക്കുന്നു. അതിൽ ചില തിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

**(a) വികാരാധിഷ്ഠിത പ്രതികരണം:** 'കുറെനാൾ കഴിഞ്ഞിട്ട് ഫെലിക്സ്, യെഹൂദാസ്ത്രീയായ തന്റെ ഭാര്യ ദ്രുസില്ലയുമായി വന്നു, പൗലൊസിനെ വരുത്തി ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെക്കുറിച്ച് അവന്റെ പ്രസംഗം കേട്ടു. എന്നാൽ അവൻ നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ച് സംസാരിക്കുമ്പോൾ ഫെലിക്സ് ഭയപരവശനായി: തല്ക്കാലം പോകാം; അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം എന്നു പറഞ്ഞു' (പ്രവൃത്തികൾ 24: 24,25). ഫെലിക്സ് വചനം കേട്ടപ്പോൾ വളരെ കലങ്ങിയെങ്കിലും അത് മാനസാന്തരമായിരുന്നില്ല. മാനസാന്തരം മറ്റൊരവസരത്തിലേക്കു മാറ്റി വയ്ക്കുകയായിരുന്നു. തനിക്ക് പിന്നീട് അതിനവസരം ലഭിച്ചതുമില്ല. സുവിശേഷം കേൾക്കുമ്പോൾ ചിലർ കരയും, ദു:ഖിക്കും. എന്നാൽ അത് മാനസാന്തരത്തിലൂന്നിയുള്ള ആത്മീയ മാറ്റമാകണമെന്നില്ല.

---

**വചനാനുസരണമല്ലാത്ത മാനസാന്തരം തെറ്റായതിനാൽ... പലരും തങ്ങൾ മാനസാന്തരപ്പെട്ടു എന്ന് കരുതുമ്പോഴും യഥാർത്ഥത്തിൽഅത് സംഭവിച്ചിട്ടില്ല എന്ന് അവരുടെ ജീവിതം വ്യക്തമാക്കുന്നു.**

---

**(b) ഏകദേശ മാനസാന്തരം:** വചനം കേൾക്കുമ്പോൾ 'ശരിയാണ്, അംഗീകരിച്ചനുസരിക്കേണ്ടതാണ്' എന്ന് വിചാരിക്കുമെങ്കിലും സമർപ്പണത്തിനു തയ്യാറാവുകയില്ല. ഉദാഹരണത്തിന് അഗ്രിപ്പാ രാജാവിനെപ്പോലെ ചിലർ ഏകദേശം ക്രിസ്ത്യാനിയാകാൻ തയ്യാറാകും, എന്നാൽ പൂർണ്ണമായി ദൈവത്തിങ്കലേക്ക് തിരിയുകയില്ല. ആഴത്തിലുള്ള മാനസാന്തരം ഉണ്ടാകുന്നുമില്ല. തത്ഫലമായി രക്ഷ അവർക്കു മരീചിക എന്നപോലെ അപ്രാപ്യമാകുന്നു.

**(c) നരകഭയത്താലുള്ള പശ്ചാത്താപം**

നരകഭയം കൊണ്ടുള്ള അനുതാപം ദൈവസ്നേഹത്താലുളവാകുന്ന മാനസാന്തരമല്ല. നരകശിക്ഷ ഒഴിവാക്കാനുള്ള മനോഭാവം യഥാർത്ഥ മാനസാന്തരമല്ല. അതുപോലെ തന്നെ 'ദുഖങ്ങളും വേദനകളും ഇല്ലാത്ത സ്വർഗ്ഗത്തിലെ അനുഭവം' ആഗ്രഹിച്ച് ക്രിസ്തുവിന്റെ ത്യാഗനിർഭരമായ സ്നേഹത്തെ ഗ്രഹിക്കാതെ സ്വർഗ്ഗം വേണം എന്നാഗ്രഹിക്കുന്നതും സത്യത്തിൽ മാനസാന്തരമല്ല.

**(d) ഉപരിപ്ലവമായ മാനസാന്തരം**

ഏലിയാവ് ദൈവത്തിനർപ്പിച്ച അത്യപൂർവമായ യാഗാർപ്പണവും സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി യാഗവസ്തുവിനെ ദഹിപ്പിച്ചതും കണ്ടപ്പോൾ ആഹാബ് രാജാവിന് ഉപരിപ്ലവമായ ഒരു മാനസാന്തരം തോന്നിക്കാണും. എങ്കിലും വെള്ളത്തിലെ കുമിള പോലെ അത് ക്ഷണികമായിരുന്നു. ഇത്തരത്തിലുള്ള മാനസാന്തരം ദൈവികമാണെന്ന്

ചിന്തിക്കുന്നത് പോലും തെറ്റാണ്.

**(e) ക്രിസ്തുവിനെക്കൂടാതെയുള്ള മാനസാന്തരം**

തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തോടെ, രക്ഷയ്ക്കുള്ള ഏകവഴിയായ ക്രിസ്തുവിങ്കലേക്കു കടന്നുവരാതെ, മറ്റു വഴികൾ തേടി രക്ഷ പ്രാപിക്കാം എന്ന ചിന്ത അബദ്ധമാണ്. ഉദാഹരണത്തിന് ഈസ്കര്യോത്താ യൂദാ യേശുവിങ്കലേക്കു വന്ന് കുറ്റം ഏറ്റുപറയുന്നതിനു പകരം, രക്ഷിപ്പാൻ കഴിയാത്ത മഹാപുരോഹിതന്റെ അടുക്കലെത്തിയപ്പോൾ ആശ്വാസത്തിന്റെ ഒരു വാക്ക് പോലും അവനു ലഭിച്ചില്ല. യഥാർത്ഥ മാനസാന്തരം അവനിലുണ്ടായില്ല. പാപബോധമല്ല കുറ്റബോധമാണ് അവനിൽ ഉണ്ടായത്. ഇത്തരം പൊള്ളയായ മാനസാന്തരം രക്ഷയിലേക്കു നടത്തുകയില്ല.

മേൽപ്പറഞ്ഞ ഏതെങ്കിലും പശ്ചാത്തലത്തിലാണ് ആരെങ്കിലും 'മാനസാന്തരപ്പെട്ടു എന്ന ഭാവേന' ദൈവസഭയിൽ വന്നത് എങ്കിൽ, അവർ വാസ്തവമായും ക്രിസ്തുവുമായി വ്യക്തിപരമായ ഉറ്റബന്ധത്തിൽ നിലനിന്ന് വളരുവാൻ സമർപ്പിക്കണം. ദൈവസ്നേഹത്തിന്റെ നിറവിൽ ക്രിസ്തുവിനെ അറിയുകയും നേടുകയും ചെയ്യുവാനാരംഭിക്കുന്നത് അപ്പോൾ മാത്രമാണ്. എങ്കിൽ മാത്രമേ അവരുടെ മാനസാന്തരം ദൈവത്തിനു സ്വീകാര്യവും പ്രസാദകരവും ആവുകയുള്ളൂ. മാനസാന്തരത്തിന്റെ ഫലമായി നമ്മിലുളവാകുന്ന ക്രിസ്തുവിന്റെ ദിവ്യ സ്വഭാവത്തിനു കൂട്ടാളികളായി, ക്രിസ്തു എന്ന തലയോളം വളരുക. ഇതാണ് യഥാർത്ഥ മാനസാന്തരത്തിന്റെ ആത്യന്തികമായ ഫലം.

**4. ആഴത്തിലുള്ള യഥാർത്ഥ മാനസാന്തരത്തിന്റെ ലക്ഷണങ്ങൾ**

**ഹൃദയവേദന**: പാപചിന്തകളാലും പ്രവൃത്തികളാലും ദൈവത്തെ വേദനിപ്പിച്ചല്ലോ എന്ന നീറ്റലോടുകൂടിയ ഹൃദയവേദന ഉള്ളിൽ അനുഭവപ്പെടും. തകർന്നും നുറുങ്ങിയും ഉള്ള ഹൃദയത്തോടെ ദൈവത്തോടു നിലവിളിക്കും. വാസ്തവത്തിൽ ഇതാണ് ദൈവഭയം.

**പാപത്തോടുള്ള വെറുപ്പ്:** പാപം ഇനി ആകർഷകമല്ല, ചെയ്തുപോയ പാപങ്ങൾ ഉള്ളിൽ അറപ്പും വെറുപ്പും ഉളവാക്കുന്ന ഒരു മനോഭാവം രൂപപ്പെടുത്തുന്നു. യോസേഫിനെ പോലെ പാപത്തെ വെറുത്ത് അത്തരം സാഹചര്യങ്ങളിൽ നിന്ന് കൃപയാൽ ഓടി രക്ഷപ്പെടുവാനുള്ള ത്വര ശക്തമായിത്തീരുകയും ജീവിതവിശുദ്ധി സൂക്ഷിക്കുവാൻ സഹായകമാകയും ചെയ്യുന്നു.

**എങ്കിൽ മാത്രമേ അവരുടെ മാനസാന്തരം ദൈവത്തിനു സ്വീകാര്യവും പ്രസാദകരവും ആവുകയുള്ളൂ. മാനസാന്തരത്തിന്റെ ഫലമായി നമ്മിലുളവാകുന്ന ക്രിസ്തുവിന്റെ ദിവ്യ സ്വഭാവത്തിനു കൂട്ടാളികളായി ക്രിസ്തു എന്ന തലയോളം വളരുക. ഇതാണ് യഥാർത്ഥ മാനസാന്തരത്തിന്റെ ആത്യന്തികമായ ഫലം.**

**മാറ്റം പ്രവൃത്തിപഥത്തിൽ :** വാക്കുകളിൽ മാത്രമല്ല, പ്രവൃത്തികളിലും മാറ്റം പ്രകടമാകും. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിക്കുകയും, ക്രിസ്തു പഠിപ്പിച്ച മാതൃകയിൽ ഉത്തമമായ വിശുദ്ധജീവിതത്തിനായി സ്വയം സമർപ്പിക്കുകയും ചെയ്യും. ഒരുകാലത്ത് ഇഷ്ടപ്പെട്ടു ചെയ്തതിനെ ഉപേക്ഷിക്കുകയും, അസ്വീകാര്യമായി തോന്നിയ വചനാനുസരണമായ കാര്യാദികളെ, സ്വമനസ്സാലെ പ്രാവർത്തികമാക്കുന്ന അത്ഭുതകരമായ പരിവർത്തനം സംഭവിക്കുകയും ചെയ്യും. മാനസാന്തരം ഒരു ദിവസത്തെ അനുഭവമല്ല. അത് ജീവിതകാലം മുഴുവൻ ക്രൂശിനെ ധ്യാനിച്ച് തുടരുന്ന പ്രക്രിയയാണ്. യഥാർത്ഥ മാറ്റം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ് ഉണ്ടാകുന്നത്. ഈ ദൈവിക ഇടപെടലാണ് ജീവനിലേക്കുള്ള മാനസാന്തരം സൃഷ്ടിക്കുന്നത്. എന്റെ മാനസാന്തരം യഥാർത്ഥമാണോ? നാം സ്വയം പരിശോധിക്കണം. ഞാൻ പാപത്തെ വെറുക്കുന്നുണ്ടോ? ഞാൻ ദൈവത്തിലേക്ക് തിരിഞ്ഞിട്ടുണ്ടോ? എന്റെ ജീവിതത്തിൽ സ്ഥിരമായ മാറ്റമുണ്ടോ? ഇവയ്ക്ക് 'ഉവ്വ്' എന്ന് ഉത്തരം പറയാൻ കഴിയുന്നുവെങ്കിൽ, അത് ജീവനിലേക്കുള്ള മാനസാന്തരത്തിന്റെ അടയാളമാണ്. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# നോഹയുടെ കാലം ഒരു ദൃഷ്ടാന്തം

***'നോഹയുടെ കാലംപോലെതന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടു പേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീട് തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്ന് അറിയുന്നുവല്ലോ'***
***(മത്തായി 24: 37 - 43).***

യേശുകർത്താവ് തന്റെ മടങ്ങിവരവിന്റെ കൃത്യമായ തീയതിയോ സമയമോ വെളിപ്പെടുത്തിയിട്ടില്ല. എങ്കിലും കർത്താവിന്റെ വരവിനെ ഓർപ്പിച്ചുണർത്തുന്ന അടയാളങ്ങളെക്കുറിച്ച് അറിവ് നൽകുന്നു. കർത്താവിന്റെ വരവു സംഭവിക്കുന്ന കാലം നോഹയുടെ കാലം പോലെ ആയിരിക്കും. എന്താണ് നോഹയുടെ കാലത്തിന്റെ പ്രത്യേകത? നോഹ പെട്ടകത്തിൽ കയറിയ നാൾ വരെയുള്ള ജലപ്രളയപൂർവ്വകാലത്തെയാണ് ഇവിടെ കർത്താവ് ഓർമ്മിപ്പിക്കുന്നത്. ആ കാലത്തെക്കുറിച്ച് ഉല്പത്തി ആറാം അധ്യായത്തിൽ നാം വായിക്കുന്നുണ്ട്. അന്നത്തെ ആ തലമുറയ്ക്ക് സമമായ ഒരു തലമുറയായിരിക്കും കർത്താവിന്റെ വരവ് സംഭവിക്കുന്ന സമയത്തെ തലമുറയും.

ലോകസ്നേഹത്തിന്റെ മത്തുപിടിച്ച ഒരു തലമുറയായിരുന്നു നോഹയുടെ കാലം. ജലപ്രളയം വരുന്നതുവരെ അവർ 'അറിഞ്ഞില്ല'. ആത്മിക അജ്ഞതയും അന്ധതയുമാണ് അവരുടെ പ്രത്യേകത. നോഹയുടെ കുടുംബം ഒഴിച്ച് എല്ലാവരും അങ്ങനെ ആയിപ്പോയി എന്നത് എത്ര കഷ്ടം! ദൈവത്തെ അറിയുകയും ഭയപ്പെടുകയും ചെയ്ത ഒരേ ഒരു കുടുംബമാണ് ഉണ്ടായിരുന്നത്. യേശുകർത്താവിന്റെ മടങ്ങിവരവിന്റെ സമയത്തും സ്ഥിതി ഏതാണ്ട് ഇങ്ങനെതന്നെ ആയിരിക്കും. ഒരുങ്ങിയിരിക്കുന്നവർ വളരെ കുറവായിരിക്കും.

നോഹയുടെ കാലത്തെ ജനങ്ങൾ അജ്ഞരായത് എന്തുകൊണ്ട്? ജലപ്രളയത്തെക്കുറിച്ച് അവർക്ക് മുന്നറിയിപ്പുകൾ ദൈവം നൽകിയിരുന്നില്ലേ? അടയാളങ്ങൾ നൽകപ്പെട്ടില്ലായിരുന്നുവോ? നോഹ, ആദം മുതൽ പത്താം തലമുറക്കാരൻ ആണ്. ഏഴാം തലമുറക്കാരൻ ഹാനോക്ക് ദൈവത്തോടുകൂടെ നടന്ന വിശുദ്ധനായിരുന്നു. ദൈവത്തിന്റെ അരുളപ്പാടുകൾ ജനത്തോട് വിളിച്ചറിയിച്ച ഒരു പ്രവാചകശ്രേഷ്ഠൻ. ലോകത്തിനു വരുന്ന ന്യായവിധിയെക്കുറിച്ചും കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ചും അദ്ദേഹം പ്രവചിച്ചിരുന്നതായി യൂദായുടെ ലേഖനത്തിൽ കാണുന്നു(1:14). അതൊന്നും ആരും മുഖവിലയ്ക്കെടുത്തില്ല. ലോകസ്നേഹത്തിന്റെ മത്തുപിടിച്ച്, അനീതിയിൽ സന്തോഷിച്ച്, അവരവർക്ക് ബോധിച്ച വഴിയിൽ നടന്ന്, അതിൽ ചങ്കൂറ്റം കൊള്ളുന്ന നിഗളികളായ അവർ, ദൈവത്തിന്റെ അരുളപ്പാടുകൾക്കും മുന്നറിയിപ്പുകൾക്കും എതിരെ ചെവി കൊട്ടിയടച്ചു, സ്വയം അജ്ഞരായിത്തീർന്ന ഭോഷന്മാർ.

ഉല്പത്തി നാലാം അധ്യായത്തിൽ കയീന്റെ വംശാവലിയും, അഞ്ചാം അധ്യായത്തിൽ ഹാബേലിനു പകരം ജനിച്ച ശേത്തിന്റെ വംശാവലിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഭൗതിക അഭിവൃദ്ധിയുടെയും കണ്ടുപിടിത്തങ്ങളുടെയും നേട്ടക്കാരായിരുന്നു കയീന്റെ തലമുറ. എന്നാൽ ശേത്തിന്റെ മകൻ ഏനോശിന്റെ കാലത്ത് ദൈവാരാധന യഥാസ്ഥാനപ്പെടുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ രണ്ടു വംശങ്ങൾ, ഒന്ന് ദൈവത്തെ മറന്നും മറ്റേത് ദൈവത്തെ അറിഞ്ഞും വളർന്നു. എന്നാൽ കാലം കടന്നുപോയപ്പോൾ ശേത്തിന്റെ തലമുറ കയീന്റെ തലമുറയോട് യോജിക്കുന്ന ചിത്രമാണ് നോഹയുടെ കാലം. ദൈവത്തിന്റെ പുത്രന്മാരായി കരുതപ്പെട്ടിരുന്ന ശേത്തിന്റെ കൊച്ചുമക്കൾ, മനുഷ്യരുടെ അതായത് കയീന്റെ തലമുറയിലെ പുത്രിമാരെ, സൗന്ദര്യം ഉള്ളവർ എന്ന് കണ്ട് വിവാഹബന്ധം കൂടിയപ്പോൾ എന്താണ് സംഭവിച്ചത്? 'ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ടു യഹോവ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിനു ദുഖമായി: ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ

**ഇന്നും ദൈവമക്കൾ എന്നു പറയപ്പെടുന്നവർ ലോകത്തോട് അനുരൂപരായിത്തീരുന്ന കാഴ്ചയല്ലേ നാം കാണുന്നത്? എത്ര വാസ്തവം! ഇത് നോഹയുടെ കാലം പോലെ തന്നെ അല്ലേ...? യേശുവിന്റെ മടങ്ങി വരവിനെക്കുറിച്ച് എത്ര പ്രസംഗം കേട്ടാലും, എത്ര അടയാളങ്ങൾ കണ്ടാലും, അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും വരുവാൻ കഴിയാതെ കഠിന ഹൃദയരാവുകയാണ് ബഹു ഭൂരിപക്ഷവും!**

നിന്നു നശിപ്പിച്ചുകളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നെ; അവയെ ഉണ്ടാക്കുക കൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു' (ഉല്പത്തി 6: 5-7)

ഇന്നും ദൈവമക്കൾ എന്നു പറയപ്പെടുന്നവർ ലോകത്തോട് അനുരൂപരായിത്തീരുന്ന കാഴ്ചയല്ലേ നാം കാണുന്നത്? അന്ത്യകാലത്തെക്കുറിച്ച് പൗലോസ് അപ്പോസ്തലൻ കുറിച്ചിരിക്കുന്നു: 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി, ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക' (2 തിമൊഥെയോസ് 3: 1-5). എത്ര വാസ്തവം! ഇത് നോഹയുടെ കാലം പോലെ തന്നെ, അല്ലേ...? യേശുവിന്റെ മടങ്ങിവരവിനെക്കുറിച്ച് എത്ര പ്രസംഗം കേട്ടാലും, എത്ര അടയാളങ്ങൾ കണ്ടാലും, അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും വരുവാൻ കഴിയാതെ കഠിനഹൃദയരാവുകയാണ് ബഹുഭൂരിപക്ഷവും!

തിന്നും കുടിച്ചും, വിവാഹം കഴിച്ചും, വിവാഹത്തിനു കൊടുത്തും പോന്ന ഒരു തലമുറയായിരുന്നുവല്ലോ നോഹയുടെ കാലത്തുണ്ടായിരുന്നത്. ഭൗതികവിഷയങ്ങളിൽ മാത്രം താല്പര്യമുണ്ടായിരുന്നവർ. ആ തലമുറയിൽ 'നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.' എന്തിന്? വ്യത്യസ്തനായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും. നോഹയുടെയും കുടുംബത്തിന്റെയും ജീവിതം വ്യത്യസ്തമായിരുന്നു. നോഹയെക്കുറിച്ച് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്, 'നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനും ആയിരുന്നു, നോഹ ദൈവത്തോട് കൂടെ നടന്നു'(ഉല്പത്തി 6:9). കൃപ ലഭിച്ചതിനാൽ നോഹ, ദൈവത്തോടുകൂടെ നടന്നു, നോഹ നീതിമാനും നിഷ്കളങ്കനും ആയി തന്റെ തലമുറയിൽ ജീവിച്ചു. ദൈവത്തോടു കൂടെനടന്ന നോഹയോട് ദൈവം സംസാരിച്ചു. ദൈവം നൽകിയ ആലോചന പ്രകാരം 'വരുവാൻ പോകുന്ന ശിക്ഷാവിധിയിൽ നിന്ന് രക്ഷപ്പെടേണ്ടതിന് തന്റെയും തന്റെ കുടുംബത്തിന്റെയും രക്ഷയ്ക്കായി ഒരു പെട്ടകം പണിതു' (എബ്രായർ 11:7).

നോഹ, നീതിപ്രസംഗി ആയിരുന്നു(2 പത്രോസ് 2:5). പാപത്തിനെതിരായും മാനസാന്തരത്തെക്കുറിച്ചും, രക്ഷയ്ക്കായി ഒരുക്കുന്ന പെട്ടകത്തെക്കുറിച്ചും, വരുവാൻ പോകുന്ന ന്യായവിധിയെക്കുറിച്ചും നോഹ പ്രസംഗിച്ചു. താൻ പ്രസംഗിക്കുന്നത് സത്യമാണ് എന്നതിന് തെളിവ് നോഹയുടെ ജീവിതം ആയിരുന്നു. പ്രസംഗത്തോടൊപ്പം പെട്ടകത്തിന്റെ പണികൾ തിടുക്കത്തോടെ ചെയ്തുവന്ന നോഹയും കുടുംബവും അവർ പ്രസംഗിക്കുന്ന വചനം സത്യമാണ് എന്നത് ജീവിതംകൊണ്ട് തെളിയിച്ചു. എന്നിട്ടും കേട്ടവരാരും ഗണ്യമാക്കിയില്ല. 'ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല' (മത്തായി 24:39). എത്ര കഷ്ടം!

കർത്താവിന്റെ വരവിൽ കൈവിടപ്പെട്ടതിനുശേഷം ആയിരിക്കും പലർക്കും ബോധം വരിക. ധനവാന്റെയും ലാസറിന്റെയും സംഭവത്തിൽ ധനവാനും തന്റെ ജീവിതത്തിന്റെ ഭോഷത്വം മനസ്സിലായത് യാതനാസ്ഥലത്ത് ചെന്നപ്പോൾ മാത്രമാണ്. ഇനി അനുതപിച്ചിട്ട് കാര്യമില്ലല്ലോ! പത്തു കന്യകമാരുടെ ഉപമയിൽ ബുദ്ധിയില്ലാത്ത അഞ്ചുപേർക്ക് അവരുടെ ഭോഷത്വം മനസ്സിലായത് കൈവിടപ്പെട്ടപ്പോൾ മാത്രമാണ്. യേശുവിന്റെ മടങ്ങിവരവിലും ഇതുതന്നെയാണ് സംഭവിക്കുവാൻ പോകുന്നതെന്ന് കർത്താവ് മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

'അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും'( മത്തായി 24: 40, 41). രണ്ടുപേരും ഒരേ സാഹചര്യത്തിൽ ഒരുമിച്ച് സഹകരിച്ച് ജീവിക്കുന്നു. എന്നാൽ എടുക്കപ്പെട്ടവർ വ്യത്യസ്തരായിരുന്നു. ഭൗതികജീവിത സാഹചര്യങ്ങളോ ജോലിയോ പദവിയോ ഒന്നുമല്ല അവരെ വ്യത്യസ്തരാക്കിയത്. അവരുടെ ആത്മീകവീക്ഷണവും കർത്താവിന്റെ വരവിനായി ഒരുങ്ങി ജീവിച്ചതുമാണ് വ്യത്യസ്തത! അവർ കൃപ ലഭിച്ചവരും, കർത്താവിനോടുകൂടെ നടന്ന് അവരുടെ തലമുറയിൽ നീതിമാന്മാരും നിഷ്കളങ്കരും ആയിരുന്നു. പുരുഷന്മാരിൽ നിന്നും സ്ത്രീകളിൽ നിന്നും ഒരുങ്ങി ഇരിക്കുന്നവർ മാത്രം കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടും. അതുകൊണ്ട് കർത്താവ് നമ്മെ പ്രബോധിപ്പിച്ചുണർത്തുന്നു: 'നിങ്ങളുടെ കർത്താവ് ഏതുദിവസത്തിൽ വരുന്നു എന്നു നിങ്ങളറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ'(മത്തായി 24:42).

ഉണർന്നിരിക്കുക എന്നത് ജാഗ്രത പുലർത്തുന്ന ജീവിതമാണ്. കള്ളൻ വന്ന്, വീട് തുരക്കുവാൻ ഇടയാകാതിരിക്കേണ്ടതിന് ജാഗ്രത പുലർത്തുന്നതുപോലെ. കള്ളൻ, മുന്നമേ പറഞ്ഞിട്ടല്ലല്ലോ വരുന്നത്. യാമം അഥവാ കൃത്യമായ സമയം അറിയാമെങ്കിൽ ഉണർന്നിരിക്കുന്നത് എളുപ്പമാകും. സമയം അറിയാത്തതുകൊണ്ട് നിരന്തരമായി ജാഗ്രത പുലർത്തണം. കർത്താവ് വരുന്നത് അതുപോലെ ആയിരിക്കും. തനിക്ക് വിലപ്പെട്ട തന്റെ മക്കളെ ചേർക്കുവാൻ കർത്താവ് വരുന്നത് ഈ ലോകം അറിയില്ല. കർത്താവിന്റെ വരവിൽ വിശ്വസിക്കുന്നവരായിരുന്നാലും, ഒരുങ്ങാത്തവരും ജാഗ്രതയോടെ കാത്തിരിക്കാത്തവരും അതറിയുകയില്ല. കാത്തിരിക്കുന്നവർ കാഹളശബ്ദം കേട്ട് രൂപാന്തരം പ്രാപിച്ച് മേഘങ്ങളിൽ എടുക്കപ്പെടും. കൈവിടപ്പെടുന്നവർ പിന്നീട് എത്ര നിലവിളിച്ചാലും പ്രയോജനം ഇല്ലല്ലോ. ആകയാൽ, കർത്താവിന്റെ വരവിനായി നമുക്ക് ഉണരാം, ഒരുങ്ങാം, കാത്തിരിക്കാം! •

ക്കുന്നത് ദൈവത്തെ ആഴമായി സ്നേഹിക്കുന്നവർക്ക് മാത്രമാണ്. നമുക്കുവേണ്ടി സ്വർഗ്ഗമഹിമകൾ വെടിഞ്ഞ് നമ്മുടെ മേൽ വരേണ്ടിയിരുന്ന നിത്യശിക്ഷ, നമ്മുടെ പകരക്കാരനായി ഏറ്റെടുക്കുകയും, തന്റെ നീതി നമ്മെ ധരിപ്പിക്കുകയും ചെയ്തു എന്ന സത്യം തിരിച്ചറിയുമ്പോഴാണ് യേശുവിനെ സ്നേഹിക്കുവാനും വിശ്വസിക്കുവാനും നമുക്ക് കഴിയുന്നത്.

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് തന്നെ വേർപിരിക്കുവാൻ കഷ്ടങ്ങൾക്കോ സ്ഥാനമാനങ്ങൾക്കോ പദവികൾക്കോ ഒന്നിനും സാധ്യമല്ല എന്ന് പ്രഖ്യാപിച്ച (റോമർ 8: 35 - 39) പൗലോസിന് അത്യധികമായ വെളിപ്പെടുത്തലുകൾ ദൈവം നൽകി. വെളിപ്പാടുകളുടെ ആധിക്യത്താൽ താൻ നിഗളിച്ചുപോകാതിരിക്കുവാൻ ജഡത്തിൽ ഒരു ശൂലവും നൽകി സംരക്ഷിക്കുന്ന ദൈവത്തെ നാം കാണുന്നു. സ്നേഹിക്കുന്നവർക്ക് വെളിപ്പെടുത്തലുകൾ നൽകി മാനിക്കുന്നു നമ്മുടെ ദൈവം. ദൗർഭാഗ്യവശാൽ ചിലർ തങ്ങളെത്തന്നെ സ്നേഹിക്കുകയും മറ്റുള്ളവരിൽ നിന്ന് പ്രശംസയും പുകഴ്ചയും നേടുന്നതിനുള്ള കുതന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നത് വ്യാപകമായി കാണുന്നു. 'Respect should be commanded not demanded' എന്നൊരു ചൊല്ല് ഇംഗ്ലീഷിലുണ്ട്. ഒരുവനിലെ വൈശിഷ്ട്യം ഒരു ആജ്ഞാശക്തിയാലെന്നപോലെ മറ്റുള്ളവരുടെ ബഹുമാനം ആകർഷിക്കുകയാണ് വേണ്ടത്, അല്ലാതെ ചോദിച്ചു വാങ്ങുകയായിരിക്കരുത്.

മുഖസ്തുതിയുടെ തന്ത്രം പ്രയോഗിക്കുന്നവൻ അപരന്റെ കാലിനൊരു വല വിരിച്ച് അവനെ കെണിയിലകപ്പെടുത്തുകയാണ് എന്ന് സദൃശവാക്യങ്ങൾ 29: 5 ൽ വ്യക്തമാക്കുന്നു. നമ്മുടെ കുറവുകൾ മുഖത്തു നോക്കി തുറന്നുപറയുന്നവൻ, സത്യത്തിൽ നമ്മെ സ്നേഹിക്കുന്നതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതേസമയം മുഖസ്തുതി ഹൃദയപരാമർത്ഥതയിൽ നിന്നല്ല വരുന്നത്. അത് വ്യാജവും വെറും അഭിനയവും ആണ് എന്ന് തിരിച്ചറിയുന്നവനാണ് ബുദ്ധിമാൻ. 'ആ മനുഷ്യൻ നീ തന്നെ' എന്ന നാഥാൻ പ്രവാചകന്റെ മുന്നറിയിപ്പ് ദാവീദിനെ അനുതാപത്തിലേക്കും ഹൃദയനുറുക്കത്തിലേക്കും നയിച്ച് ദൈവസന്നിധിയിൽ ക്രമീകരിക്കപ്പെടുവാൻ

**....പ്രശംസിക്കുന്നവൻ, നാം കേൾക്കാതെ നമ്മെക്കുറിച്ച് പറയുന്നത് കേട്ടാൽ ഹൃദയഭേദകമായ അനുഭവം നമ്മിൽ ഉളവാക്കും. ഇത് മനസ്സിലാക്കി മുഖസ്തുതി പറയുവാനും കേൾക്കുവാനും ഉള്ള എല്ലാ സാധ്യതകളും സാഹചര്യങ്ങളും ഒഴിവാക്കിയാൽ ആത്മികജീവിതത്തിനു നന്നായിരിക്കും.**

സഹായിച്ചു. നാം കേൾക്കെ മുഖസ്തുതി പറഞ്ഞു പ്രശംസിക്കുന്നവൻ, നാം കേൾക്കാതെ നമ്മെക്കുറിച്ച് പറയുന്നത് കേട്ടാൽ ഹൃദയഭേദകമായ അനുഭവം നമ്മിൽ ഉളവാക്കും. ഇത് മനസ്സിലാക്കി മുഖസ്തുതി പറയുവാനും കേൾക്കുവാനും ഉള്ള എല്ലാ സാധ്യതകളും സാഹചര്യങ്ങളും ഒഴിവാക്കിയാൽ ആത്മികജീവിതത്തിനു നന്നായിരിക്കും. മറിച്ച്, മുഖസ്തുതി കേട്ട് മതിമറന്നു സന്തോഷിക്കുന്നവർ, ഹെരോദാവിന് സംഭവിച്ചത് മുന്നറിയിപ്പായി തിരിച്ചറിഞ്ഞാൽ നന്ന്. ദൈവതുല്യനായി ഹെരോദാവിനെ ജനം പ്രശംസിച്ചപ്പോൾ അതിൽ സ്വയം മറന്നാഹ്ലാദിച്ച അവൻ കൃമിക്കിരയായി പ്രാണനെ വിട്ടു (പ്രവൃത്തികൾ 12: 23) എന്ന ശക്തമായ മുന്നറിയിപ്പ് നമ്മുടെ അകക്കണ്ണുകളെ തുറപ്പിക്കട്ടെ. മുഖസ്തുതിയിലും പ്രശംസയിലും സന്തോഷിക്കുന്നവർക്കു ദൈവിക വാഗ്ദത്തങ്ങളെ എങ്ങനെ വിശ്വസിക്കുവാൻ കഴിയും? ഇടംകൈ ചെയ്യുന്നത് വലംകൈ അറിയരുത് എന്ന കർത്തൃവചസ് എങ്ങനെ പ്രാവർത്തികമാക്കുവാൻ കഴിയും?

യോഹന്നാൻ 12: 32 യേശുകർത്താവ് തന്റെ മരണവിധം സൂചിപ്പിച്ച് പറയുന്നതാണ്. യേശുമാത്രം തന്റെ അനുയായികളുടെ ജീവിതത്തിൽ ഉയർത്തപ്പെട്ടവനായി കാണപ്പെടുന്നു എങ്കിൽ 'സകല മനുഷ്യരും തങ്കലേക്കു ആകർഷിക്കപ്പെടും' എന്ന കാര്യവും ഇതേവാക്യത്തിൽ ഉള്ളടങ്ങിയിരിക്കുന്നു. കുറവുകളില്ലാത്ത, ഉയർത്തപ്പെടുവാൻ യോഗ്യനായ, ആരാധ്യനായ ഏകവ്യക്തി യേശു ▶

# പുറത്ത് ചൂടും അകത്ത് പാമ്പും

**മു**ൻവർഷങ്ങളിൽ സംഭവിച്ചിട്ടില്ലാത്തവിധം കൊടുംചൂടും സൂര്യാഘാതവും കുടിവെള്ള ക്ഷാമവും നിമിത്തം മനുഷ്യരുടേയും മറ്റു ജീവികളുടെയും ജീവിതം ദുസ്സഹമായിരിക്കുന്നു. ചൂടിൽ നിന്നും രക്ഷനേടുവാൻ പാമ്പുകൾ വീടുകൾക്കുള്ളിൽ കയറുന്നതു മനുഷ്യർക്ക് മറ്റൊരു ഭീഷണി ഉയർത്തുന്നു. സൂര്യാഘാതത്താലും പാമ്പുകടി നിമിത്തവും പല മരണങ്ങൾ ഇതിനോടകം സംഭവിച്ചുകഴിഞ്ഞു. പെട്ടന്ന് ഒരു പ്രതിവിധി അസാധ്യവുമാണ്. കൊടുംവരൾച്ച മനുഷ്യന്റെ അതിരുകടന്ന സ്വാർത്ഥതയുടെ ഭവിഷ്യത്തല്ലേ? ഇന്ധനത്തിന്റെ അമിത ഉപയോഗത്താൽ ഉയരുന്ന പുകപടലങ്ങളും, കുന്നുകൾ ഇടിച്ചു ചതുപ്പുനിലങ്ങൾ നികത്തിയതും, ധനസമ്പാദനത്തിനായി പ്രകൃതിയെ മറന്ന് പായുന്ന മനുഷ്യരും ഇതിന്റെ പിന്നിലെ കാരണങ്ങളിൽ ചിലതാണ്. മരങ്ങൾ ഭൂമിയുടെ ശ്വാസകോശങ്ങൾ ആണ്. തണലായി നിന്നിരുന്ന വനങ്ങൾ ഇല്ലാതാകുമ്പോൾ നഗരങ്ങൾ കോൺക്രീറ്റ് മരുഭൂമികളായി മാറുന്നു. വീടുകൾക്കും റോഡുകൾക്കും തണലേകുന്നതും അപകടഭീഷണി ഉയർത്താത്തതുമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഒരു ഉത്തമപരിഹാര മാർഗ്ഗമാണ്. പ്രകൃതിയോടുള്ള കരുതൽ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ ചൂട് സഹനീയമാകും. ജീവിതശൈലിയിൽ ലാളിത്യം പ്രയോഗികമാക്കിയാൽ ശരീരവും പ്രകൃതിയും തമ്മിലുള്ള ബന്ധം ഊഷ്മളമാകും. പ്രകൃതിയെ തോൽപ്പിക്കുവാൻ മനുഷ്യന് കഴിയില്ല. അതിനാൽ പ്രകൃതിയോടൊപ്പം ജീവിക്കാൻ പഠിക്കാം. ഈ വരൾച്ച ഓരോരുത്തരുടെയും സ്വയപരിശോധനയ്ക്ക് നൽകിയിരിക്കുന്ന ഒരവസരമാണ്. പ്രകൃതിയെ കരുതലോടെ സംരക്ഷിക്കുവാൻ നമുക്ക് ദൃഢനിശ്ചയം എടുക്കാം. ●

---

മാത്രമാണ്. 'മനുഷ്യരാലുള്ള മാനത്തെ ദൈവത്താലുള്ള മാനത്തേക്കാൾ അധികം സ്നേഹിക്കയില്ല' (യോഹന്നാൻ 12:43) എന്ന് നമുക്ക് ദൃഢനിശ്ചയം എടുക്കാം.

എല്ലാവരും, 'തന്നെ പ്രശംസിക്കണം' എന്നാഗ്രഹിക്കുന്ന വ്യക്തി, പ്രശംസ തിരികെ ലഭിക്കണം എന്ന ചിന്താഗതിയിൽ ഒപ്പമുള്ളവരെ അനർഹമായ വ്യാജവാക്കുകൾ അഥവാ അതിശയോക്തി പറഞ്ഞു വാനോളം പുകഴ്ത്തും. ഈ വ്യാജത്തിൽ സന്തോഷിക്കുവാൻ തക്കവണ്ണം കേൾക്കുന്നവരുടെ ആത്മികവെളിച്ചം പിശാച് നശിപ്പിക്കുന്നു. കർത്താവിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക: 'എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്?' (മത്തായി 6: 23) തമ്മിൽ തമ്മിൽ ബഹുമാനം തേടുന്ന മുഖസ്തുതിയുടെയും പ്രശംസയുടെയും വാക്കുകളിൽ രമിച്ചാൽ, യേശുകർത്താവിനെ വീണ്ടും ക്രൂശിക്കുന്ന ദു:സ്ഥിയിൽ, ഉള്ളിൽ ലഭിച്ച ആത്മികവെളിച്ചം ഇല്ലാതാക്കുകയല്ലേ ചെയ്യുന്നത്?

'ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കുകയില്ല' (ഗലാത്യർ 1:10). മുഖസ്തുതി പറഞ്ഞു മനുഷ്യരെ പ്രസാദിപ്പിച്ചാൽ അങ്ങനെയുള്ളവരെ കർത്താവ് മാനിക്കുകയില്ല. ഏകദൈവത്തിന്റെ പക്കൽ നിന്ന് ക്രിസ്തുവിന്റെ നാളിൽ പുകഴ്ച ലഭിക്കും എന്നു വിശ്വസിക്കുന്നവർ അനുഗ്രഹീതരാണ്. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യവും. 'മനുഷ്യരെയല്ല, ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെത്തന്നെ പ്രസാദിപ്പിക്കുവാൻ' നമ്മെ സമർപ്പിക്കാം. ഒരിക്കലും 'മുഖസ്തുതിയോ ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ' പ്രയോഗിക്കയില്ല എന്ന് തീരുമാനിക്കാം, സമർപ്പിക്കാം. പ്രവൃത്തികൾ 5:29 ൽ 'മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു' എന്ന് പത്രോസിലൂടെ ലഭിക്കുന്ന പ്രബോധനം അംഗീകരിക്കാം. ലക്ഷ്യം തെറ്റാതെ ഓട്ടം ഓടിത്തികയ്ക്കുവാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. ●

എടുത്ത് ദൈവം നിനക്ക് തരും എന്ന ഒരു വാഗ്ദത്തനിവൃത്തി കൂടെ ഈ പ്രവചനത്തിനുണ്ട്!

ദൈവസാന്നിധ്യം നമ്മോടുകൂടെയുണ്ട്; നാം ഉടമ്പടിയുടെ ജനങ്ങളാണ്, ദൈവത്തിന്റെ ആത്മാവ് നിങ്ങളുടെ കൂടെ വസിക്കുന്നു; നിങ്ങളുടെ സംരക്ഷണത്തിനായി ദൈവം ഇറങ്ങിവരുന്നു; നിങ്ങളെ ഭരമേൽപിച്ച ദൗത്യം നിർവ്വഹിക്കേണ്ടതിന് ദൈവം ആവശ്യമായ വിഭവങ്ങളെ അത്ഭുതകരമായി എനിക്ക് എത്തിച്ചുതരുന്നു.... ഞാൻ എന്തിനു ഭാരപ്പെടണം? പേടിക്കണം? തീർച്ചയായും എനിക്കു ധൈര്യമായിരിക്കാനാവശ്യമായതെല്ലാം ദൈവം എനിക്കു ചെയ്തു തരുന്നു!

ശക്തനായ യോശുവയ്ക്കു പ്രോത്സാഹനത്തിന്റെ വാക്കുകൾ ആവശ്യമായിരുന്നു. മോശെ മൂന്നു പ്രാവശ്യം തന്റെ പിൻഗാമിയായ യോശുവയോടു ധൈര്യത്തിന്റെ വാക്കുകൾ ഓതുന്നു! (ആവർത്തനം 31: 6-7, 23). കൂടാതെ ദൈവം തന്നെ യോശുവയെ ധൈര്യപ്പെടുത്തുന്നു (യോശുവ.1: 6). കൂടാരപ്പെരുന്നാളിന്റെ ഒടുവിലത്തെ നാളിലാണ് ഹഗ്ഗായി ആലയം പണിയുടെ കാര്യത്തിൽ സെരുബ്ബാബേലിനെയും യോശുവയെയും മറ്റുള്ളവരെയും ധൈര്യപ്പെടുത്തുന്നത്. ശലോമോൻ ദൈവാലയം പ്രതിഷ്ഠിക്കുന്നതും കൂടാരപ്പെരുന്നാളിനോടുനുബന്ധിച്ചായിരുന്നു (1 രാജാക്കന്മാർ 8:2) എന്നോർക്കണം! കാലം മാറുന്നു; എന്നാൽ ദൈവത്തിനും തന്റെ പ്രവൃത്തിക്കും മാറ്റമില്ല!

കൂടാരപ്പെരുന്നാളിന് (ഏഴാം മാസം) ഹഗ്ഗായി പ്രോത്സാഹനത്തിന്റെ വാക്കുകൾ പറഞ്ഞെങ്കിൽ ഹഗ്ഗായി, രണ്ടുമാസങ്ങൾക്കുശേഷം (ഒമ്പതാം മാസം) പുരോഹിതരോട് ശാസനയുടെയും മുന്നറിയിപ്പിന്റെയും വാക്കുകളിൽ സംസാരിക്കുന്നു..... എന്തുകൊണ്ട്? പ്രോത്സാഹനങ്ങളുടെ ദൈവം തങ്ങളുടെ രഹസ്യജീവിതത്തിലെ പാപങ്ങളെ കണക്കിടുന്നില്ലെന്ന് അവർ തെറ്റിദ്ധരിച്ചു. 'തൊടുന്നതെല്ലാം പൊന്നാവുക' എന്നൊരു ചൊല്ലുണ്ടല്ലോ. ദൈവാലയത്തിൽ ശുശ്രൂഷിക്കുവാൻ നിയോഗിക്കപ്പെട്ട പുരോഹിതർ, തങ്ങൾ വിശുദ്ധവസ്തുക്കൾ കൈകാര്യം ചെയ്യുന്നതുകൊണ്ട് തങ്ങളും തങ്ങൾക്കുള്ളതെല്ലാം വിശുദ്ധമായിത്തീർന്നെന്നും, അതുകൊണ്ടുതന്നെ തങ്ങൾ സ്പർശിക്കുന്നതെല്ലാം സ്വാഭാവികമായി വിശുദ്ധമായിത്തീരുന്നുവെന്നും ചിന്തിച്ചു.

എന്തോ, ഇന്നത്തെ ശുശ്രൂഷകർക്കും അങ്ങനെയൊരു തെറ്റിദ്ധാരണയുണ്ട്- ശുശ്രൂഷകർ വണ്ടിക്കച്ചവടം നടത്തിയാൽ ആ കച്ചവടവും വിശുദ്ധമായിത്തീരും എന്നാണ് അവരുടെ ചിന്ത! ഹഗ്ഗായി പറയുന്നു, ആലയത്തിലെ ശുശ്രൂഷ ചെയ്യുന്നതുകൊണ്ട് ശുശ്രൂഷകൻ തൊടുന്നതെല്ലാം പൊന്നാകുന്നു എന്നാണ് അവരുടെ ഭാവം...

ശുശ്രൂഷകരേ, അശുദ്ധ വ്യവഹാരത്തിലേർപ്പെട്ടിട്ട് നിങ്ങൾ വിശുദ്ധ സഭായോഗം നടത്തിയാൽ അത് അശുദ്ധസഭായോഗമായിത്തീരുകയാണ്! അവരുടെ കൈകളുടെ പ്രവൃത്തിയൊക്കെയും അങ്ങനെ തന്നെ... അവർ അവിടെ അർപ്പിക്കുന്നതും അശുദ്ധം തന്നെ! (ഹഗ്ഗായി 2: 14) അശുദ്ധിയിൽ ആറാടി ജീവിക്കുന്നവരെ, ശുശ്രൂഷകരാണോ നിങ്ങൾ? പ്ലീസ്, ആത്മികലോകത്തിലേക്കു കയറരുതേ.... കയറണമെങ്കിൽ നിന്റെ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചുകളയുക... ഇതു വിശുദ്ധസ്ഥലം! അശുദ്ധിയുടെ ചെരുപ്പ് ഊരിയെറിയുക!

എന്നാൽ ചില പുരോഹിതന്മാരുടെ അവിശ്വസ്തതയാൽ ദൈവം ദൈവസഭയെ തകർത്തുകളയുന്നില്ല... അവരുടെയിടയിൽ വിശ്വസ്തതയോടെ നില്ക്കുന്ന ഒരാളുണ്ട് മഹാപുരോഹിതനായി യഹോസാദാക്കിന്റെ മകനായ യോശുവ! (ഹഗ്ഗായി 2: 4); ശെയൽതീയേലിന്റെ മകനായ സെരുബ്ബാബേൽ...(ഹഗ്ഗായി 2: 23) ഒരു സ്ഥലത്ത് മീൻവെള്ളവും തേൻകട്ടയും കൂട്ടിയിളക്കി പുരോഹിതന്മാർ വിളയാട്ടം നടത്തുമ്പോൾ മറുഭാഗത്ത് ഒത്തുതീർപ്പുകളില്ലാതെ കർത്താവിനെ സേവിക്കുന്ന സെരുബ്ബാബേലും യോശുവയും! ദൈവം അവരെ ശ്രദ്ധിക്കുന്നു... ദൈവം സെരുബ്ബാബേലിനോടു പറയുന്നു. സെരുബ്ബാബേലെ, ഞാൻ നിന്നെ എടുത്തു മുദ്രമോതിരം ആക്കും (ഹഗ്ഗായി 2: 23). signet അതായത് മുദ്രമോതിരം പതിച്ച കടലാസ് രാജവചനമാണ്... രാജാവിനോളം വിശ്വാസ്യത രാജമോതിരത്തിനുണ്ട്...

ദൈവം സെരുബ്ബാബേലിനോടു പറയുന്നത്: നീ ചെയ്യുന്നതിനൊക്കെയും ഞാൻ പൂർണ്ണ അധികാരം തന്നിരിക്കുന്നു... എന്റെ പ്രവൃത്തി ചെയ്യാൻ ഞാൻ നിന്നെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നാണ്. ഇനിയിപ്പോൾ സെരുബ്ബാബേൽ ദൈവത്തിന്റെ പ്രതിനിധിയാണ്! വിശുദ്ധിയും അശുദ്ധിയും കൂട്ടിക്കലർത്തുന്നവന് ഒരിക്കലും ദൈവത്തിന്റെ പ്രതിനിധിയാവാൻ കഴിയില്ല! •

# ക്രിസ്തുവിനോടുള്ള കൂട്ടായ്മയും മാനസാന്തരവും

മനുഷ്യവർഗ്ഗത്തിനു ഏദനിൽ നഷ്ടമായ കൂട്ടായ്മ പുനസ്ഥാപിക്കാനാണ് യേശുക്രിസ്തുവിലൂടെയുള്ള നിത്യജീവന്റെ സൗഭാഗ്യം സ്വർഗ്ഗീയപിതാവ് മനുഷ്യർക്ക് വിഭാവനം ചെയ്തത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള സ്വർഗ്ഗീയകൂട്ടായ്മ പോലെ വിലപ്പെട്ട ബന്ധമാണ് ക്രിസ്തുവിൽ വിശ്വസിച്ച് മാനസാന്തര അനുഭവത്തിൽ ജീവിക്കുന്ന ഓരോരുത്തർക്കും അവിടുന്ന് സമ്മാനിക്കുന്നത്. യേശുകർത്താവ് തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്ന വേളയിൽ മുഖ്യമായും തന്നോട് കൂടെയിരിപ്പാനാണ് അവരെ തെരഞ്ഞെടുത്തത് (മർക്കോസ് 3:14). ക്രിസ്തീയജീവിതത്തിന്റെ അടിത്തറ തിരക്കേറിയ പ്രവർത്തനങ്ങൾക്ക് ഉപരി, ത്രിയേക്കദൈവത്തോടുള്ള കൂട്ടായ്മയാണ്.

യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച ഓരോരുത്തരുടെയും പ്രാഥമിക കൂട്ടായ്മ ക്രിസ്തുവിനോടൊപ്പം ഉള്ള നിത്യകൂട്ടായ്മയാണ്. അപ്പോസ്തലനായ പൗലോസ് കൊലോസ്യയിലെ വിശ്വാസികൾക്കുള്ള ലേഖനത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു: 'ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ'. അടുത്ത വാക്യത്തിൽ ആ കൂട്ടായ്മയുടെ സ്വഭാവം ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. 'അവനിൽ ആത്മീയവർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചു തന്നതിന് ഒത്തവണ്ണം വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ' (കൊലോസ്യർ 2 :6,7). ക്രിസ്തുവിനോടൊപ്പം ഉള്ള പിരിയാബന്ധത്തിന്റെ ആദ്യ ചുവടുവെപ്പാണ് നിത്യജീവപ്രാപ്തിക്കായുള്ള ഓരോ മനുഷ്യരുടെയും മാനസാന്തരം. പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുന്നതാണ് ഈ മാനസാന്തരത്തിന്റെ ബാഹ്യലക്ഷണം!

ദൈവീക കൂട്ടായ്മയുടെ സവിശേഷത, എന്നത്തേയും ക്രിസ്തുവിശ്വാസികൾ ഐക്യത്തിൽ തികഞ്ഞവരായിത്തീരണം എന്നതാണ്. പിതാവും പുത്രനും ഒന്നാകുന്നതുപോലെ തന്നിൽ വിശ്വസിക്കുന്ന ശിഷ്യഗണവും ഒന്നാകണം എന്നായിരുന്നു യേശുക്രിസ്തുവിന്റെ ആഗ്രഹം(യോഹന്നാൻ 17:21-23). അതെ, വെളിച്ചത്തിൽ നടക്കുന്ന അനുഭവമാണ് ക്രിസ്തുവിനോടുള്ള കൂട്ടായ്മയുടെ പ്രാഥമികലക്ഷണം. അവർക്കുള്ള വാഗ്ദാനമാണ് 'അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' എന്നത്.

-എംസി

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 350 രൂപ


QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

**NERVEEDHI MAY 2026**
RNI No. KERMAL/2012/46138 . Date of Publishing 10.05.2026 . Annual Subscription Rs.350/-

# ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ,"മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചു കൊണ്ടിരിക്കുന്നു" (എബ്രായർ11:4). അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.

ഇപ്പോൾ ലഭ്യമാണ്




കഷ്ടതകളില്ലാത്ത ജീവിതമല്ല ജയജീവിതം, മറിച്ച് കഷ്ടങ്ങളെ ജയിക്കുന്ന ജീവിതമായിരിക്കും! ജനിച്ചിട്ടൊരിക്കലും ബുദ്ധിമുട്ടറിഞ്ഞിട്ടില്ലാത്ത ഒരുവന്റെ മുഖത്തെ പ്രസന്നതയെക്കാൾ എത്രയോ മടങ്ങായിരിക്കും പ്രതിസന്ധികളെ അതിജീവിച്ച് വിജയിച്ചുവരുന്നവന്റെ മുഖത്തെ തേജസ്സ്. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും ധൈര്യപ്പെടുവിൻ എന്ന് കഷ്ടങ്ങളെ ജയിച്ച കർത്താവ് നമ്മോടാവശ്യപ്പെടുന്നു. ഒരു ജയജീവിതത്തിനായി നമ്മെ ഒരുക്കുവാൻ ദൈവവചനത്തിലെ പഠിപ്പിക്കലുകൾ ദൈവാശ്രയത്തോടും തികഞ്ഞ വൈദഗ്ദ്ധ്യത്തോടും വസ്തുനിഷ്ഠമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഉത്തമ പഠനഗ്രന്ഥമാണ്

SOUTH INDIAN BANK
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

ഇപ്പോൾ ലഭ്യമാണ്

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Ph:8589819293, 9495435336*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.